ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽകുമാർ : പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. എ. പി. അനിൽകുമാർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2010-ലെ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... ബഹുമാനപ്പെട്ട നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി അങ്ങേക്ക് 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി ശ്രീ. എം. വിജയകുമാർ : സർ, 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ഇത് പൊതുവിൽ സ്വീകാര്യമായിട്ടുള്ള ഒരു നിയമനിർമ്മാണമാണ്. കുറേ നാളുകളായി ഇത് നടപ്പാക്കാൻവേണ്ടി പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ അഭിഭാഷകർക്ക് 1980-ലെ നിയമമനുസരിച്ച് നൽകുന്ന നിലവിലുള്ള ക്ഷേമനിധി തുക മൂന്ന് ലക്ഷം രൂപയിൽനിന്ന് അഞ്ചുലക്ഷം രൂപയായി ഉയർത്തുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി നിയമം ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഇത് ദീർഘനാളത്തെ അഭിഭാഷകരുടെ ഒരു ആവശ്യമാണ്.

ശ്രീ. പി. സി. ജോർജ് : സർ, വക്കീലൻമാരുടെ ഫീസ് ഫിക്സ് ചെയ്തിട്ടുണ്ടോ; എവിടെ ഫിക്സ് ചെയ്തിട്ടുണ്ട്?

ശ്രീ. എം. വിജയകുമാർ : സർ, അതല്ല, കക്ഷികളിൽനിന്ന് കൊടുക്കുന്നതല്ല. ശ്രീ. പി. സി. ജോർജ് കാര്യങ്ങൾ മുഴുവൻ മനസ്സിലാക്കിയിട്ട് പറയുന്നതായിരിക്കും നല്ലത്. മൂന്നുലക്ഷം രൂപ അഞ്ചുലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുക എന്നുള്ളതാണ് ആവശ്യം. കേരള ബാർ കൗൺസിൽ അഭിഭാഷകരുടെ സ്റ്റാറ്റ്യൂട്ടറി ബാഡിയാണ്. ഇത് ഇപ്പോഴുള്ള ബാർ കൗൺസിലുകൾ, ബാർ അസോസിയേഷനുകൾ, കേരളത്തിലെ നിരവധി അഭിഭാഷക സംഘടനകൾ എല്ലാം നിരന്തരമായി ഉന്നയിച്ചുകൊണ്ടിരുന്ന ഒരു ആവശ്യമാണ്. അതാണ് ഈ ഗവൺമെന്റ് അംഗീകരിച്ചുകൊണ്ട് നിയമനിർമ്മാണത്തിനുവേണ്ടി മുൻകൈ എടുത്തിട്ടുള്ളത്. ഇത് തർക്ക വിഷയമൊന്നുമല്ല നമുക്ക് സ്വീകരിക്കാവുന്ന കാര്യമാണ്. അഭിഭാഷകരുടെ കാര്യം പറയുമ്പോൾ നിയമരംഗത്ത് ഈ ഗവൺമെന്റിന്റെ കാലത്ത് പ്രകടമായ, അടിസ്ഥാനപരമായ ഒട്ടേറെ മാറ്റങ്ങൾ വരുത്തിയ ഒരു പശ്ചാത്തലത്തിലാണ് ഈ നിയമനിർമ്മാണം നടത്തുന്നതെന്ന കാര്യം ഞാൻ സഭയെ അറിയിക്കുന്നു. നിയമനിർമ്മാണ രംഗത്തും നീതിനിർവ്വഹണ രംഗത്തും കാലോചിതമായ മാറ്റം, പരിഷ്കാരം വേണമെന്ന നയത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ നിയമസഭയ്ക്ക് അറിയാം. അങ്ങ് അതിന് നേതൃത്വം വഹിക്കുന്നതാണ്. നിയമനിർമ്മാണ രംഗത്ത് കേരളപ്പിറവിക്കുശേഷം കേരളത്തിൽ നിലവിലുള്ള എല്ലാ നിയമങ്ങളും പഠിച്ച് പരിഷ്കരിക്കാൻവേണ്ടി ഒരു നിയമപരിഷ്കരണ കമ്മീഷനെ സർക്കാർ നിയോഗിച്ചു. ലോകത്തുതന്നെ പ്രശസ്തനായ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള ഒരു പരിഷ്കരണ കമ്മീഷൻ കേരളത്തിൽ ഒരു വർഷക്കാലം അതിന്റെ പഠനങ്ങൾ നടത്തി ഒട്ടേറെ നിർദ്ദേശങ്ങൾ വച്ചു. നാലു കാര്യങ്ങൾ അതിൽ പറഞ്ഞു. ഒന്ന്, കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കുക. നിലവിലുള്ളത് പരിഷ്കരിക്കുക. പുതിയ മേഖലകൾ കണ്ടെത്തി നിയമനിർമ്മാണം നടത്തുക ഇങ്ങനെയുള്ള ടേംസ് ഓഫ് റഫറൻസായിരുന്നു കൊടുത്തത്. അത് നല്ല വിലപിടിപ്പുള്ള ഒരു റിപ്പോർട്ടാണ്. വിവാദമായ മൂന്നുനാല് കാര്യങ്ങൾ ഉണ്ടായിരുന്നു. അതൊക്കെ ഗവൺമെന്റ് ഒഴിവാക്കിയിട്ടുണ്ട്. അതൊന്നും പരാമർശിക്കാൻപോലും ഗവൺമെന്റ് തയ്യാറല്ല. അതിൽ എല്ലാവരും ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അങ്ങ് ഭരണപരിഷ്കാര കമ്മീഷനായി ബഹുമാനപ്പെട്ട കൃഷ്ണയ്യരുടെ റിപ്പോർട്ടാണ് പറഞ്ഞത്. ഞാൻ കൊടുത്ത ഒരു ശിപാർശയും അംഗീകരിക്കുന്നില്ലെന്ന് ഈയിടയ്ക്ക് അദ്ദേഹം തന്നെ വളരെ ക്രുദ്ധനായി പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വിജയകുമാർ : സർ, ഒരിക്കലുമില്ല. ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശയനുസരിച്ചുള്ള എത്രയോ നിയമങ്ങൾ, പോലീസ് നിയമം ഉൾപ്പെടെ നാം പരിഗണിക്കുക മാത്രമല്ല പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. ഈ നിയമസഭയിൽ ഇപ്പോൾ ഒരുപാട് നിയമനിർമ്മാണങ്ങൾ നടക്കുന്നുണ്ട്. ഓർഡിനൻസുകൾ വരുന്നുവെന്ന് നാം പരാതി പറയാറുണ്ട്. ഇതൊക്കെത്തന്നെ ഇതിന്റെ ഭാഗമായിട്ടുള്ളതാണ്. അപൂർവ്വമായി നമുക്ക് സ്വീകാര്യമല്ലാത്ത ചില വിവാദങ്ങളും അതിൽ വന്നിട്ടുണ്ട്. അതുകൊണ്ട് അതൊക്കെ മാറ്റിക്കൊണ്ട് ബാക്കിയുള്ളത് സ്വീകരിച്ചിട്ടുള്ള സമീപനമാണ് ഉണ്ടായിട്ടുള്ളത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും പോകുന്നില്ല. നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ മാത്രമല്ല നീതിനിർവ്വഹണത്തിന്റെ കാര്യത്തിലും പരിഷ്കാരങ്ങൾ ആവശ്യമായിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് എന്ന നിലയിൽ, എക്സിക്യൂട്ടീവ് എന്ന നിലയിൽ അതിന് പരിമിതികളുണ്ടെങ്കിലും കോടതികളുമായി ചർച്ച ചെയ്തുകൊണ്ട് ഒട്ടേറെ പരിഷ്കാരങ്ങൾ കോടതികളിൽ വരുത്തിയിട്ടുണ്ട്. കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഇന്ന് വളരെ പരിമിതമാണ്.

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ ഇവിടെ പറഞ്ഞത് വർദ്ധനവ് എല്ലാം കക്ഷിയുടെ തലയിൽ വരുമെന്നാണ് മന്ത്രി അതിന് വിരുദ്ധമായി പറഞ്ഞു. Statement of objects and reasons-ലെ മൂന്നാമത്തെ പാരഗ്രാഫിൽ പറയുന്നത് In order to mobilise additional funds to meet the possible expenditure, Government have also decided to enhance the rate of subscription of the members to the Fund and the value of Advocates' Welfare Fund stamps to be affixed on the vakalath. വക്കാലത്തിൽ ഒട്ടിക്കാൻ പോകുന്ന വെൽഫെയർ ഫണ്ടിന്റെ സ്റ്റാമ്പിന് ചാർജ്ജ് വർദ്ധിപ്പിക്കുകയാണ്. അപ്പോൾ ആരാണ് കാശ് കൊടുക്കുന്നത്? ജനങ്ങളിൽ നിന്ന് പിഴിയാൻ പോകുകയാണ്. നിങ്ങൾ ഇങ്ങനെ സോഷ്യലിസം പ്രസംഗിച്ചാൽ മതിയോ? നിങ്ങൾ അഞ്ചുലക്ഷം രൂപയാക്കിക്കോളൂ. എനിക്ക് വിരോധമില്ല. പക്ഷേ സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിച്ചാൽ ജനങ്ങളിലാണ് അധികഭാരം വരുന്നത്. കക്ഷി വരുമ്പോൾ കക്ഷികളിൽനിന്ന് വക്കീൽ പിടിച്ചു പറിക്കും. അതുകൊണ്ട് അത് ലഘൂകരിക്കാനുള്ള നടപടി എന്താണെന്നുകൂടി അങ്ങ് പറയണം?

ശ്രീ. എം. വിജയകുമാർ : സർ, ഞാൻ പറഞ്ഞുവരുന്നത് അതല്ല. അദ്ദേഹം പറയുന്നത് വേറെയാണ്. കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതുതായി നിലവിൽ വരുന്ന കോടതികളുണ്ട്. കോർട്ട് കോംപ്ലക്സുകളുണ്ട്. ഇത് പല പ്രദേശങ്ങളിലായി നിർമ്മിക്കാമെന്ന് പറഞ്ഞ് ഒരു ഡിമാന്റുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയുള്ള കോടതി കെട്ടിടങ്ങളിലും കോടതി സമുച്ചയങ്ങളിലുമെല്ലാം ജഡ്ജസ് മാത്രമല്ല ഉള്ളത്. അവിടെ അഭിഭാഷകർക്കും വക്കീൽ ഗുമസ്തൻമാർക്കും സൗകര്യം വേണം. ഹർജിക്കാരെല്ലാം കോടതികളിൽ മഴയും മഞ്ഞും വെയിലുമൊക്കെക്കൊണ്ട് കഴിയുകയാണ്. ഇത് അപരിഷ്കൃതമായ രീതിയാണ്. ബ്രിട്ടീഷുകാരുടെ കാലത്ത് ആരംഭിച്ചിട്ടുള്ള ഈ രീതിയ്ക്ക് മാറ്റം വരുത്തിക്കൊണ്ട് ഹർജിക്കാർക്കുൾപ്പെടെ ഇരിപ്പിടങ്ങൾ, വെള്ളം, ടോയ്ലെറ്റ് സൗകര്യങ്ങൾ തുടങ്ങിയവ കേരളത്തിൽ ഈ കാലയളവിൽ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ലിറ്റിഗേറ്റ് ബഞ്ച് എന്നൊരു ആശയം ഉയർന്നുവന്നിരുന്നു. ഇതിന്റെ ഭാഗമായി ഹർജിക്കാർക്ക് ഇരിപ്പിടം നൽകുന്നതിന് 764 ബഞ്ചുകൾ കോടതികളിൽ നൽകുകയും ചെയ്തു. അങ്ങ് പറഞ്ഞതു പോലെ എല്ലാ കാര്യങ്ങളുമുണ്ട്. സ്റ്റാമ്പ് ഇതിന്റെ ഭാഗമായിട്ടുള്ള കാര്യമാണ്. ഇതിന് സർക്കാരിന്റെ ഫണ്ടും അഡ്വക്കേറ്റ്സിന്റെ കോണ്ട്രിബ്യൂഷനും എല്ലാം കൂടി ചേർന്നാണ് ഫണ്ട് കൊടുക്കുന്നത്. അഡ്വക്കേറ്റ്സിന്റെ കാര്യത്തിൽ മാത്രമല്ല അഡ്വക്കേറ്റ്സ് ക്ലർക്സിന്റെ കാര്യത്തിലാണ് കൂടുതൽ കാര്യങ്ങൾ ചെയ്യുന്നത്. അവരുടെ ക്ഷേമനിധി തുക ഒരു ലക്ഷം രൂപയായിരുന്നത് രണ്ടു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. വക്കീൽ ഗുമസ്തൻമാർക്ക് മെഡിക്ലെയിം എന്നൊരു പദ്ധതി കൊണ്ടുവന്നു. അവരാണ് ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത്. ഏറ്റവും ഒടുവിലായി അവർക്ക് പെൻഷൻ പദ്ധതി കൊണ്ടുവന്നു. ഇതെല്ലാം ഒട്ടേറെ പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നതിന്റെ ഭാഗമായിട്ടാണ്. കാലേകൂട്ടി കൊണ്ടുവന്നുവെങ്കിലും കാലതാമസം ഉണ്ടായിട്ടുണ്ട്. ഇത് പൊതുവിൽ സ്വീകാര്യമായിട്ടുള്ള കാര്യമാണ്. കൂടുതൽ തർക്കവിഷയങ്ങളില്ലാത്തതു കൊണ്ട് പെട്ടെന്ന് ചർച്ച ചെയ്ത് പാസ്സാക്കാം.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ അങ്ങേക്ക് ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

Shri. M. Ummer: Sir, I move that - "This House resolves to disapprove The Kerala Advocates' Welfare Fund (Amendment) Ordinance, 2010 (Ordinance No 47 of 2010).

അഭിഭാഷകരുടെ ചിരകാല സ്വപ്നം സാക്ഷാത്ക്കരിക്കുന്ന വിധത്തിലുള്ള അഭിഭാഷക ക്ഷേമനിധി ബിൽ 1980-ൽ കേരളത്തിൽ കൊണ്ടുവന്നത് ശ്രീ. കെ. എം. മാണി സർ ആണ്. അതിനുശേഷം 30 വർഷം കഴിഞ്ഞു. അയൽ സംസ്ഥാനങ്ങളിലൊക്കെ ഇതുപോലുള്ള ബില്ലുകൾ വന്നു. ക്ഷേമനിധിയിലെ ഒരംഗത്തിന് നൽകാവുന്ന തുക നിലവിലുള്ള മൂന്നു ലക്ഷം രൂപയിൽ നിന്നും അഞ്ചു ലക്ഷം രൂപയായി വർദ്ധിപ്പിക്കുമെന്ന് ഇവിടെ പറഞ്ഞത് നല്ല ആശയമാണ്. പക്ഷേ നമുക്കുശേഷം കൊണ്ടുവന്ന തമിഴ്നാടിൽ പോലും അത് എട്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ മൂന്ന് ലക്ഷം രൂപയെന്നത് 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് അഭിഭാഷകന്മാർക്ക് കൊടുക്കുന്ന ഉദ്ദേശശുദ്ധിയോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഞാൻ മനസ്സിലാക്കിയ കാര്യം വച്ച് നോക്കുകയാണെങ്കിൽ 5 ലക്ഷം രൂപ ഒരു അഭിഭാഷകന്

ലഭിക്കണമെങ്കിൽ ഇനി 15 വർഷം കാത്തിരിക്കണം. ഇവിടെ പറഞ്ഞു, ബാർ കൗൺസിലിന്റെയും ഇൻഡ്യൻ ലായേഴ്സ് യൂണിയന്റെയും അഭിപ്രായം ആരാഞ്ഞു എന്ന്. പക്ഷേ ബാർ അസ്സോസിയേഷനുകളോ ബാർ കൗൺസിലുകളോ ഈ ബില്ലിന്റെ സ്പിരിറ്റിനോട് യോജിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. 50 വയസ്സുള്ള ഒരു വക്കീൽ ഒരു വർഷം കഴിഞ്ഞ് പിരിയുകയാണെങ്കിൽ അദ്ദേഹത്തിന് ഇപ്പോൾ ലഭിക്കുന്ന മൂന്ന് ലക്ഷം രൂപ മാത്രമേ കിട്ടുകയുള്ളൂ. അങ്ങ് വർദ്ധിപ്പിക്കുന്ന 14,285 രൂപ കൂടി ചേർത്ത് 3,14,285 രൂപ മാത്രമാണ് 51 കൊല്ലം പ്രാക്ടീസുള്ള ഒരു അഭിഭാഷകന് ലഭിക്കുന്നത്. 40 വർഷത്തെ പ്രാക്ടീസ് ഉണ്ടെന്ന് പറഞ്ഞാൽ ഒരു അഭിഭാഷകനെ സംബന്ധിച്ചിടത്തോളം അങ്ങ് കൊണ്ടുവന്നിട്ടുള്ള അഞ്ച് ലക്ഷം രൂപ ലഭിക്കണമെങ്കിൽ 15 വർഷം കാത്തിരിക്കണം. ഇപ്പോൾ 50 വയസ്സ് പൂർത്തിയായ ഒരു അഭിഭാഷകന് ഈ ബില്ലിൽ പറയുന്ന സൗകര്യം ലഭിക്കുകയില്ല. മാത്രമല്ല, ഇതിൽനിന്ന് അങ്ങ് ഉദ്ദേശിക്കുന്ന 5 ലക്ഷം രൂപയെന്ന ലക്ഷ്യപ്രാപ്തി വരണമെങ്കിൽ നീണ്ട 15 വർഷം കാത്തിരിക്കണം. ഈ നീണ്ട 15 വർഷത്തെക്കുറിച്ച് അങ്ങ് ശരിക്ക് മനസ്സിലാക്കിയിട്ടുണ്ടോ എന്ന് എനിക്ക് സംശയമാണ്. 15 വർഷം വരണമെങ്കിൽ അതിനിടയിൽ മൂന്ന് നിയമ വകുപ്പുമന്ത്രിമാർ കടന്നു പോകണം. എന്നു പറഞ്ഞാൽ 15 വർഷം കഴിഞ്ഞാൽ മാത്രമേ ഈ സംഖ്യ വർദ്ധിപ്പിച്ചതിന്റെ തീരുമാനമെടുക്കാൻ ബന്ധപ്പെട്ട മന്ത്രിക്ക് കഴിയുകയുള്ളൂ എന്ന ഒരു വലിയ ചതിക്കുഴി ഇതിനകത്ത് ഒളിഞ്ഞു കിടക്കുന്നുണ്ട്. ഇത് അഭിഭാഷക സമൂഹത്തോട് ചെയ്യുന്ന വഞ്ചനയായിരിക്കും. അങ്ങയുടെ ഉദ്ദേശം അതല്ലായെങ്കിൽ പോലും ഈ ബിൽ പാസ്സായാൽ അഭിഭാഷക സമൂഹത്തോട് ചെയ്യുന്ന കൊടും വഞ്ചനയായിരിക്കും. ഒരു അണക്കെട്ട് കെട്ടാൻ അഞ്ച് വർഷം മതി. ഒരു തെങ്ങ് വച്ചാൽ മൂന്ന് വർഷം കൊണ്ട് കായ് ലഭിക്കും. നേരത്തെ മിനിസ്റ്റർ ശ്രീ. സി. ദിവാകരൻ പാസ്സാക്കിയ ഒരു നിയമത്തിൽ ഒന്നോ രണ്ടോ വർഷം കൊണ്ട് യൂണിവേഴ്സിറ്റി സ്ഥാപിച്ചതിന്റെ ഫലം നമ്മുടെ സംസ്ഥാനത്ത് ലഭിക്കും. ഈ സഭയിൽ പാസ്സാക്കുന്ന ഏത് നിയമമായാലും അതിന്റെ ഫലം അർഹതപ്പെട്ടയാളുകൾക്ക് ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ ലഭിക്കുകയാണ്. അങ്ങ് കൊണ്ടു വന്നിട്ടുള്ള ഈ 5 ലക്ഷം രൂപ ലഭിക്കണമെങ്കിൽ 15 വർഷം കാത്തിരിക്കണം. അപ്പോൾ ഈ രണ്ട് ലക്ഷം രൂപയുടെ വിലയെന്താണ്? ഒരു ബിൽ കൊണ്ടുവരുമ്പോൾ ഗുണഭോക്താവിനെ സംബന്ധിച്ച് അതിന് വ്യക്തമായ ധാരണ വേണ്ടേ? 40 കൊല്ലം പ്രാക്ടീസുള്ള ഒരാൾ റിട്ടയർ ചെയ്യുമ്പോൾ അവർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കണ്ടേ? 50 വർഷം കോടതിയിൽ ജോലി ചെയ്ത ഒരു അഭിഭാഷകൻ പിരിഞ്ഞു പോകുമ്പോൾ അങ്ങ് വർദ്ധിപ്പിച്ച രണ്ട് ലക്ഷം രൂപ ലഭിക്കില്ല എന്ന് ഉറപ്പല്ലേ? അങ്ങ് അടുത്ത ജനറേഷനുവേണ്ടിയാണോ ഇങ്ങനെ ഉണ്ടാക്കുന്നത്? ഇന്ന് ജീവിച്ചിരിക്കുന്നവരെ സംബന്ധിച്ചല്ലേ ആലോചിക്കേണ്ടത്? ഇന്ന് ജീവിച്ചിരിക്കുന്ന 35-ഓ 40-ഓ വയസ്സായ ഒരാൾക്ക് ഈ 5 ലക്ഷം രൂപയെന്ന സ്വപ്നം കിട്ടണമെങ്കിൽ ഒരുപാട് കാത്തിരിക്കണം. അപ്പോൾ 15 വർഷം കഴിഞ്ഞിട്ടുള്ള രണ്ട് ലക്ഷം രൂപയുടെ മൂല്യത്തെ സംബന്ധിച്ച് ഈ ബിൽ പാസ്സാക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് ഒന്ന് മനസ്സിലാക്കണം എന്നേ എനിക്ക് പറയാനുള്ളൂ. പല അഭിഭാഷക സംഘടനകളും വിചാരിച്ചത് 3 ലക്ഷം രൂപയിൽനിന്ന് 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചത് നല്ല കാര്യം എന്നാണ്. 3 ലക്ഷം രൂപയിൽനിന്ന് 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചത് 40 വർഷം പ്രാക്ടീസ് പൂർത്തിയാക്കുന്ന ഒരാൾ പിരിയുമ്പോൾ ഈ 5 ലക്ഷം രൂപ ലഭിക്കുകയാണെങ്കിൽ രണ്ട് കയ്യും പൊക്കി സ്വാഗതം ചെയ്യാം. ഒരു അഭിഭാഷകനായി പ്രാക്ടീസ് ചെയ്തിട്ടുള്ള നിയമ വകുപ്പുമന്ത്രിയായ അങ്ങ് മാണിസാറിനെപ്പോലുള്ള പരിണിതപ്രജ്ഞനായ ആൾ കൊണ്ടുവന്ന ബില്ലിൽ ഇപ്പോൾ ഭേദഗതിയിലൂടെ അറിയാതെ അഭിഭാഷക സമൂഹത്തെ വെട്ടിൽ വീഴ്ത്തിയിരിക്കുകയാണ്. അങ്ങയോടുള്ള എല്ലാ സ്നേഹവും ബഹുമാനവും ആദരവും പ്രകടിപ്പിച്ചുകൊണ്ട് പറയുകയാണ് ഈ ബില്ലിലെ ചതിക്കുഴിയെ സംബന്ധിച്ച് അങ്ങ് മനസ്സിലാക്കണം. ഈ ബില്ലിൽ ഭേഗതിക്കു പോലും സ്കോപ്പില്ല. അതുകൊണ്ട് അങ്ങ് ഈ ബിൽ പിൻവലിക്കണം. തെറ്റുണ്ടെങ്കിൽ തിരുത്താൻ ഞാൻ തയ്യാറാണ്. ഇതിൽ ആകെ കൊണ്ടു വന്നിട്ടുള്ളത് ഒരു ഭേദഗതിയാണ്. 'A member of the Fund shall on cessation of practice be entitled to receive from out of the Fund an amount at the rate specified in the schedule for every completed year of practice till the commencement of the Kerala Advocates' Welfare Fund (Amendment) Act. 2010' എന്നുപറഞ്ഞാൽ ഈ ബിൽ പാസ്സാകുന്നതുവരെ എത്ര കൊല്ലം പ്രാക്ടീസുള്ള ആളാണെങ്കിലും ഷെഡ്യൂളിലുള്ള സംഖ്യ മാത്രമേ ലഭിക്കുകയുള്ളൂ എന്നുപറഞ്ഞാൽ 50 കൊല്ലം പ്രാക്ടീസുള്ള 75 കാരനായ അഭിഭാഷകൻ പിരിഞ്ഞുപോകുമ്പോൾ മൂന്ന് ലക്ഷം രൂപ മാത്രമേ ലഭിക്കുകയുള്ളൂ. ഈ ബില്ലിലെ ചതിക്കുഴിയെ സംബന്ധിച്ച് അങ്ങ് മനസ്സിലാക്കിയിട്ടില്ല. തെറ്റുണ്ടെങ്കിൽ തിരുത്താം. എനിക്ക് ബില്ലിനെ സംബന്ധിച്ച് വേണ്ടത്ര പരിചയവും പ്രാക്ടീസും ഇല്ലാത്തതുകൊണ്ടാണ് ഞാൻ പറയുന്നത് തെറ്റാണെങ്കിൽ പിൻവലിക്കാം. എന്നിട്ട് പറയുന്നത്, ...'Kerala Advocates' Welfare Fund (Amendment) Act. 2010 and thereafter at the rate of fourteen thousand two hundred and eighty five rupees for every completed year of practice subject to a maximum amount of five lakh rupees in aggregate' എന്നു പറഞ്ഞാൽ ഈ ബിൽ പാസ്സാക്കിയാൽ ഓരോ വർഷവും അങ്ങോട്ട് 14,285 രൂപ വച്ച് കിട്ടും. 50 വയസ്സ് പൂർത്തിയായ ഒരാൾക്ക് എന്നാണ് ഇത് കിട്ടുന്നത്? ഇന്ന് 35 കൊല്ലമോ 40 കൊല്ലമോ പ്രാക്ടീസുള്ള ഒരാൾക്കല്ലേ പെൻഷൻ കൊടുക്കേണ്ടത്? വരുന്ന 15 വർഷം കൊണ്ട് രാജ്യത്ത് എന്തെല്ലാം മാറ്റമുണ്ടാവുമെന്ന് ആർക്കാണ് പറയാൻ കഴിയുന്നത്? രണ്ട് ലക്ഷം രൂപയ്ക്കുവേണ്ടി 15 വർഷം കാത്തിരിക്കണമെന്ന് പറയുന്നത് എന്തൊരു മൗഢ്യമാണ്. അതുകൊണ്ട് ഞാൻ അങ്ങയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഈ ബിൽ പിൻവലിച്ച് അതിൽ ഭേദഗതി വരുത്തി അടുത്ത സെഷനിൽ നല്ലൊരു ബിൽ അവതരിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് ബാർ കൗൺസിലുമായി സംസാരിക്കണം. ഈ ക്ലാസ് അവർ വായിച്ചു നോക്കിയിട്ടുണ്ടോ എന്ന് അങ്ങ് പറയണം. 35 വർഷമെന്നു പറഞ്ഞാൽ സർവ്വീസിലുള്ളവർക്ക് അത് വലിയൊരു കാലഘട്ടമാണ്. 25-ാം വയസ്സിൽ പ്രാക്ടീസ് തുടങ്ങി 35 വർഷം പൂർത്തിയാക്കി 60 വയസിൽ പിരിയുന്ന ആൾക്ക് 5 ലക്ഷം രൂപ കൊടുക്കാം. അതിന് ഒരു മര്യാദയുണ്ട്. അതിൽ അറിയാതെ ഒരു സ്പെല്ലിംഗ് മിസ്റ്റേക്ക് കടന്നുകൂടിയതാണോ എന്ന് സംശയിക്കുകയാണ്. അതുകൊണ്ട് ഇത് ഭേഗതി ചെയ്യാൻ പറ്റുമെങ്കിൽ വളരെ സന്തോഷം. അതുകൊണ്ട് 35 വർഷം പൂർത്തിയാക്കുന്ന അഭിഭാഷകന് അങ്ങ് പ്രഖ്യാപിച്ചിട്ടുള്ള അഞ്ച് ലക്ഷം രൂപ കൊടുക്കുക എന്നു പറയുന്നത് നല്ല കാര്യം തന്നെയാണ്.

2008-ൽ മാണിസാറാണ് ഈ ബിൽ കൊണ്ടുവന്നത്. ഏതാണെങ്കിലും ഒരു കട്ട് ഓഫ് ഡേറ്റ് വേണമല്ലോ. 2008 മുതൽ തുടങ്ങുകയാണെങ്കിലും ഒരാൾക്ക് 5 ലക്ഷം രൂപ ലഭിക്കാൻ ഇടയാകും. അതല്ലായെങ്കിൽ ഏത് ജനറേഷനാണ് ഇതിന്റെ പ്രയോജനം കിട്ടുക എന്നതുസംബന്ധിച്ച് ഒരു വ്യക്തത വേണ്ടേ? ഒരു നിയമം പാസ്സാകുമ്പോൾ നമ്മൾ ജനങ്ങളുടെ മുമ്പിൽ, അഭിഭാഷകരുടെ മുമ്പിൽ പരിഹാസ്യരാകരുത്. കേരള നിയമസഭ അഭിഭാഷകരുടെ മുമ്പിൽ നാളെ പരിഹാസ്യരാകാതിരിക്കണമെങ്കിൽ അങ്ങ് ഈ ബിൽ പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതിനകത്ത് സർക്കാരിന്റെ ഗ്രാന്റ് ഉണ്ടെന്ന് പറഞ്ഞാലും ഈ 30 വർഷത്തിനിടയ്ക്ക് ഒരു നയാപൈസപോലും ഒരു ഗവൺമെന്റും ഗ്രാന്റായി കൊടുത്തിട്ടില്ല.

ശ്രീ. എം. എം. മോനായി : സർ, ഈ ബില്ലിൽ പേജ് 3-ൽ (6) 'The payment referred to in sub-section (5) shall be made through the Bar Association in which the contributor is a member or directly to the Fund along with a letter of recommendation from the respective Bar Association'. ഓരോ തവണ ബാർ അസ്സോസിയേഷനിൽ ഈ തുക അടയ്ക്കുന്നതിന് റെസ്പെക്ടീവായ ബാർ അസ്സോസിയേഷനിൽനിന്ന് സർട്ടിഫിക്കറ്റ് വാങ്ങണമെന്നു പറയുന്നത് പ്രായോഗികമല്ല. കാരണം ഒരു തവണ മെമ്പറാകുന്ന സമയത്ത് ശരിയാണ്. അത് കഴിഞ്ഞ് ഓരോ തവണയും ചെയ്യുന്നത് ബാർ അസ്സോസിയേഷനും ബുദ്ധിമുട്ടാണ്. വക്കീലന്മാർക്കും ബുദ്ധിമുട്ടാണ്. അത് ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. (6A) 'All members of the Fund shall furnish before the Trustee Committee every year, along with the payment of subscription, a declaration in such form as may be prescribed to the effect that he is in actual practice and not in any other employment and not engaged in any other profession or calling'. ബാർ അസോസ്സിയേഷൻ സെക്രട്ടറി ചെയ്തിട്ടാണ് കൊടുക്കുന്നത്. പിന്നീട് ഒരു ഡിക്ലറേഷൻ, അഞ്ച് വർഷം പ്രാക്ടീസുള്ള ഒരാൾക്ക് അഞ്ച് വക്കാലത്ത് എന്ന് ഇതിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ വീണ്ടും ഒരു ഡിക്ലറേഷന്റെ ആവശ്യമുണ്ടോ; അത് വക്കീലന്മാരെ സംബന്ധിച്ച് ബുദ്ധിമുട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഉമ്മർ : സർ, അതുപോലെയുള്ള ഒരുപാട് കാര്യങ്ങൾ ഇതിനകത്തുണ്ട് അതിലേക്ക് ഒന്നും ഞാൻ കടക്കുന്നില്ല. അടിസ്ഥാനപരമായി തന്നെ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാധൂകരിക്കാത്ത ബില്ലാണെന്നാണ് എന്റെ അഭിപ്രായം. അതുപോലെ ഇപ്പോൾ സർക്കാർ ഗ്രാന്റ് നൽകുന്നില്ല. അഭിഭാഷകർ ഒരുമിച്ച് പിരിഞ്ഞു പോയാൽ വലിയൊരു സംഖ്യ കൊടുക്കേണ്ടി വരും. അഭിഭാഷകർക്ക് 60 വയസ് പൂർത്തിയായാൽ 5 ലക്ഷം രൂപയുണ്ട്. എല്ലാവരും ഒരുമിച്ച് പിരിഞ്ഞുപോയാൽ ഇന്ന് നിലവിലുള്ള ഫണ്ട് മതിയാവുകയില്ല എന്ന ഒരു തെറ്റായ ധാരണയുണ്ടാകും. 5 ലക്ഷം രൂപയുണ്ടെന്ന് പറഞ്ഞ് അഭിഭാഷകർ ഒരുമിച്ചൊന്നും പിരിഞ്ഞു പോകില്ല. 5 ലക്ഷം രൂപ കൊണ്ട് എത്ര കാലം ജീവിക്കാൻ കഴിയും. അതുകൊണ്ട് 5 ലക്ഷം രൂപയുണ്ടെന്ന് പറഞ്ഞ് ഒരു അഭിഭാഷകനും കരുതിക്കൂട്ടി പിരിഞ്ഞുപോകുകയില്ല. 5 ലക്ഷം രൂപ അത്ര അട്രാക്റ്റീവായ ഫിഗറൊന്നുമല്ല. അതുകൊണ്ട് അങ്ങനെയുള്ള ഭീതിയൊന്നും ആവശ്യമില്ല. ഇത്രയധികം ആദരണീയരായ അഭിഭാഷകരുള്ള ഒരു സമൂഹത്തിന് ഒന്നോ രണ്ടോ മൂന്നോ കോടി രൂപ ഗ്രാന്റ് കൊടുക്കാൻ ഗവണ്മെന്റിന് കഴിയുമല്ലോ? അതങ്ങ് കൊടുത്താൽ പ്രശ്നം തീരില്ലേ?

ശ്രീ. ജോർജ് മേഴ്സിയർ : സർ, എറണാകുളത്ത് പോയി വെൽഫെയർ ഫണ്ട് ബോർഡിൽ പലപ്പോഴും സമയത്ത് എൻറോൾ ചെയ്യാൻ പറ്റാത്ത ഒരു നല്ല വിഭാഗം വക്കീലന്മാർ കേരളത്തിലുണ്ട്. 10-15 വർഷം പ്രാക്ടീസ് ചെയ്യുന്ന ഒരാൾക്ക് പല കാരണങ്ങളാൽ ഇതിൽ ചേരാൻ പറ്റാതെ പോകുമ്പോൾ, ഇനി പോയി ചേരുമ്പോൾ ഇത്രയും വർഷത്തെ നഷ്ടം വരികയാണ്. അതിന് ലേറ്റ് ഫീ എന്തെങ്കിലും ഏർപ്പെടുത്തി അവർക്ക് ഒരു അവസരം കൊടുക്കേണ്ടത് ന്യായമല്ലേ?

ശ്രീ. എം. ഉമ്മർ : തീർച്ചയായും. അതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ് ഇപ്പോൾ കോർട്ട് ഫീയിൽനിന്ന് അര ശതമാനം മാത്രമാണ് വെൽഫെയർ ഫണ്ടിലേക്ക് കൊടുക്കുന്നത്. അത് ഒരു ശതമാനം ആക്കുകയാണെങ്കിൽ നമുക്ക് ഈ വർദ്ധിക്കുന്ന സംഖ്യയിൽ നിന്ന് മീറ്റ് ചെയ്യാൻ യാതൊരു പ്രയാസവുമുണ്ടാവുകയില്ല. കേരളത്തിൽ നിയമം പാസ്സാക്കി, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങൾ യുവ അഭിഭാഷകർക്ക് 2000 രൂപ വച്ച് അഞ്ച് വർഷക്കാലം സ്റ്റൈപ്പെന്റ് കൊടുക്കുന്നുണ്ട്. കേരളത്തിൽ നമുക്കറിയാം പഴയകാലത്ത് വലിയ പ്രഗൽഭരായ കുടുംബങ്ങളിൽ നിന്നു വന്ന, വളരെ സമ്പന്നരായ ആളുകൾ മാത്രമേ അഭിഭാഷക വൃത്തിക്കും നിയമം പഠിക്കാനും പോയിരുന്നുള്ളു. ഇന്ന് അങ്ങനെയല്ല, പട്ടിണി പാവങ്ങളായ കുടുംബങ്ങളിൽ നിന്ന്, പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾ, ഒരു കോട്ട് പോലും വാങ്ങാൻ കഴിയാത്ത ആളുകൾ നിയമം പഠിക്കണം എന്നുള്ള ആഗ്രഹത്തോടുകൂടി പാസ്സായി വരുന്നുണ്ട്. അവരെ സഹായിക്കാൻ ഇവിടെ യാതൊരു സ്കീമുമില്ല. വേണമെങ്കിൽ ലോൺ എടുക്കാമെന്നു പറയും. പാവപ്പെട്ട ആൾക്ക് സ്വയം തൊഴിലിന് ലോൺ എടുത്ത് 5 വർഷക്കാലം അഭിഭാഷക വൃത്തിയിൽ പിടിച്ചു നിൽക്കാൻ കഴിയുക വളരെ പ്രയാസമാണ്. സത്യം പറഞ്ഞാൽ പല സീനിയർ അഭിഭാഷകരുടേയും അടുത്ത് പോവുകയാണെങ്കിൽ ഇരിക്കാൻപോലും സ്ഥലം കിട്ടാത്ത അവസ്ഥയാണുള്ളത്. പുതിയ കോഴ്സ് വന്നപ്പോൾ പല ആളുകളും 5 വർഷക്കാലത്തേക്ക്

LIBRARY ARCHIVES Kerala Legislative Assembly

പഠിക്കാൻ പോവുകയാണ്. അങ്ങനെയുള്ള ആളുകൾക്ക് അതിന് സാമ്പത്തിക മാനദണ്ഡം വച്ചാലും തരക്കേടില്ല. എല്ലാവർക്കും രണ്ടായിരം രൂപ വച്ച് കൊടുക്കാൻ ബുദ്ധിമുട്ടാണ്. ബിലോ പോവർട്ടിയിലുള്ള ആളുകൾക്ക് അതല്ലെങ്കിൽ സാമ്പത്തികമായി 18,000-മോ 20,000-മോ ഒരു കൃത്യമായ സംഖ്യ നിശ്ചയിച്ച് അഭിഭാഷകരായി വരുന്ന പാവപ്പെട്ട ആളുകൾക്ക് 5 വർഷം സ്റ്റൈപ്പെന്റ് കൊടുക്കുന്ന സ്കീം ഇതിനകത്ത് ഉണ്ടാകണം. അസാദ്ധ്യമെന്നു പറയാൻ പറ്റില്ല. നമുക്ക് ശേഷം വന്ന തമിഴ്നാട്ടിലും കർണ്ണാടകത്തിലും കൊടുക്കാൻ കഴിയുന്നെങ്കിൽ നമുക്കും അതിന് കഴിയണം. അങ്ങയെപ്പോലെയുള്ള ഊർജ്ജസ്വലനായ മന്ത്രി ഇങ്ങനെയുള്ള കാര്യങ്ങൾ കൊണ്ടുവന്ന് അഭിഭാഷകരെ സഹായിക്കാൻ മുന്നോട്ട് വരണമെന്നാണ് എനിക്ക് പറയാനുള്ളത്. അഡ്വക്കേറ്റ്സിന് കൃത്യമായി ചികിൽസാ സഹായത്തിന് പ്രൊവിഷനുണ്ട്. വക്കീൽ ഗുമസ്തന്മാർക്ക് അവരുടെ ക്ഷേമനിധിയിൽ നിന്ന് ചികിൽസയ്ക്ക് സഹായം നൽകാനും അവരുടെ കുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകാനും പ്രൊവിഷനുണ്ട്. പാവപ്പെട്ട ആളുകൾ ഓരോ ദിവസവും തള്ളിനീക്കാൻ പ്രയാസപ്പെടുന്നു. നമ്മൾ വെറും പൽക്കിവാലയേയും വേണുഗോപാലനെയും എല്ലാം നോക്കി മാത്രമല്ലല്ലോ നിയമമുണ്ടാക്കുന്നത്. നിയമം എന്നു പറയപ്പെടുന്നത് പ്രയാസപ്പെടുന്ന ആളുകൾക്കുവേണ്ടിയാണ്. വലിയ പ്രഗൽഭന്മാരായ അഭിഭാഷകർക്ക് ഒരു ദിവസം കിട്ടുന്ന ഫീസ് 5 ലക്ഷംരൂപയുണ്ടാകും. പക്ഷേ അതല്ല കാര്യം ഒരു ദിവസം 100 രൂപ പോലും ലഭിക്കാത്ത അഭിഭാഷകരും ഈ സമൂഹത്തിലുണ്ട്. അവരെ സംരക്ഷിക്കുന്നതിനും അവർക്ക് പ്രൊട്ടക്ഷൻ കൊടുക്കുന്നതിനും വേണ്ടി 5 വർഷക്കാലത്തേക്ക് 2000 രൂപ വീതം കൊടുക്കാനുള്ള ഒരു ഭേദഗതി അങ്ങ് കൊണ്ടുവരണം. അതൊരു വലിയ കാര്യമാണ്.

ശ്രീ. രാജു എബ്രഹാം : സർ, സാധാരണഗതിയിൽ അങ്ങയുടെ പാർട്ടിക്കുവേണ്ടി നടത്തുന്ന പ്രസംഗത്തെക്കാളും ഏറ്റവും മെച്ചപ്പെട്ട രൂപത്തിലാണ് ഇന്ന് ഈ ബില്ലിനെപ്പറ്റി പ്രസംഗിക്കുന്നത്. അങ്ങ് ഒരു മികച്ച അഡ്വക്കേറ്റാണ്. അങ്ങയുടെ പ്രൊഫഷനായതുകൊണ്ടാണ് ചെറിയൊരു അഭിപ്രായം ചോദിക്കുന്നത്. ബാർ കൗൺസിലും ബാർ അസ്സോസിയേഷനുമൊക്കെ സ്റ്റാറ്റ്യൂട്ടറി ബോഡികളാണ്. പക്ഷേ ബാർ എന്നുപറയുന്ന ഒരു വാക്ക് കേൾക്കുമ്പോൾ നമുക്ക് മറ്റൊരു രൂപമാണ് ഉണ്ടാവുക. അതുകൊണ്ട് ബാർ കൗൺസിലും ബാർ അസ്സോസിയേഷനും മാറ്റി അഡ്വക്കേറ്റ്സ് കൗൺസിലും അഡ്വക്കേറ്റ്സ് അസ്സോസിയേഷനും ആക്കുന്നതിനെപ്പറ്റി അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, (ഫയൽ നമ്പർ 83/ഇ.ബി./2011-ലെ ജി. തീയതി 10-01-11) ***

ശ്രീ. എം. ഉമ്മർ : സർ, ശ്രീ. രാജു എബ്രഹാമിന്റെ നർമ്മബോധത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇതുമാത്രമല്ല പാർട്ടിക്കുവേണ്ടി എന്റെ കഴിവിന്റെ പരമാവധി ശ്രമിക്കാറുണ്ട്. പക്ഷേ അത് അങ്ങേക്ക് ഉൾക്കൊള്ളാൻ കഴിയുന്നില്ലെന്നേയുള്ളൂ. എന്റെ പാർട്ടിക്കുവേണ്ടി ആത്മാർത്ഥമായ രീതിയിലാണ് ഞാൻ പ്രസംഗങ്ങൾ നടത്തുന്നത്. പക്ഷേ പലതും രാജു എബ്രഹാമിന് ഉൾക്കൊള്ളാൻ കഴിയുന്നില്ല എന്നതാണ് പ്രശ്നം. ബാർ എന്ന് പറഞ്ഞാൽ നമ്മൾ പേടിക്കേണ്ട കാര്യമൊന്നുമില്ല.

*** സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. മോനായി : സർ, ഇവിടെ പറയുന്നത് ജൂറിസ്പ്രുഡൻസിൽ ഒരു പദപ്രയോഗമായി വന്നിട്ടുള്ളതാണ്. ഇന്നിപ്പോൾ പറയുന്നത് അതിനുശേഷം വന്ന കാര്യങ്ങളാണ്. ബാർ കൗൺസിൽ വളരെ റെസ്പക്ടബിളായിട്ടുള്ള ഒരു സമിതിയാണ്. ഇലക്ടഡായിട്ടുള്ള ഒരു ജനാധിപത്യ സമിതിയാണ്; ആ നിലയിൽ ഒരു പരാമർശം നടത്തുന്നത് ശരിയല്ല. അത് രേഖയിൽ ഉണ്ടാകുന്നത് ശരിയല്ല.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, ബാർ കൗൺസിൽ അംഗങ്ങളുടെ മീറ്റിംഗ് നടക്കുന്നത് ബാറിൽ വച്ചാണ്. ഞാൻ അതിന്റെ വലിയ ഒരു വിക്ടിം ആണ്. ഞാൻ അതുകൊണ്ട് ഒരു മിനിട്ട് പറഞ്ഞുകൊള്ളട്ടെ. എന്റെ പടം എവിടെയോ കണ്ടു എന്നുപറഞ്ഞ് ബാർ കൗൺസിൽ എനിക്ക് നോട്ടീസ് അയയ്ക്കുന്നു. എന്റെ അക്വിസിഷൻ എന്താണ്? അൽഫോൺസ് കണ്ണന്താനം ഇതാ ഒരു കമ്പനി നടത്തുന്നു. എനിക്ക് ഒരു നോട്ടീസ് തരുന്നു. ഇത് ഒരു കമ്പനിയാണ് എന്നുപറഞ്ഞ്. ഞാൻ അതിന് ഒരു മറുപടി കൊടുത്തു. സോറി ഇത് എന്റെ കമ്പനിയല്ല, അൽഫോൺസ് കണ്ണന്താനം അക്കാഡമി. എനിക്ക് ഇതിനകത്ത് പത്തു ശതമാനം ഷെയറേ ഉള്ളൂ. രജിസ്ട്രാർ ഓഫ് കമ്പനീസിൽനിന്നുള്ള ഡോക്യുമെന്റ് ഇതാണെന്നു പറഞ്ഞ് അതും അവിടെ കൊണ്ടുപോയി കാണിച്ചു കൊടുത്ത് ഡിസിപ്ലിനറി കമ്മിറ്റി വിളിച്ചു. ഡിസിപ്ലിനറി കമ്മിറ്റി ചെയ്തത് എന്താണ്? ഇത് ഒരു കംഗാരു കോർട്ടാണ്. ഇതൊക്കെ നിങ്ങൾ സംസാരിക്കുമ്പോൾ അറിയണം. ഒരു ദിവസം ഞാൻ തന്നെ അവിടെ അപ്പിയർ ചെയ്യുമ്പോൾ മൂന്നംഗ കമ്മിറ്റിയിൽ ഇതാ ഒരാൾ അവിടെ ഇരിക്കുന്നു. അദ്ദേഹം പറയുന്നു, ഞാനാണ് അതോറിറ്റി. I said, I am very sorry. സ്റ്റാറ്റ്യൂട്ട് അനുസരിച്ച് മൂന്ന് പേരാണ് ഈ കമ്മിറ്റിയിൽ ഇരിക്കേണ്ടത്. ഞാൻ ആണ് അതോറിറ്റി എന്ന് അവിടെ എഴുതി വയ്ക്കുവാൻ ഞാൻ പറഞ്ഞു. എന്നിട്ട് എന്റെ ഭാഗം കേൾക്കാതെതന്നെ എക്സ് പാർട്ടി വിധിയാക്കി. എന്റെ ഭാഗം ഞാൻ ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി പറഞ്ഞു, സോറി, എക്സ് പാർട്ടി മാറ്റിയിട്ട് കണ്ണന്താനത്തിന്റെ ഭാഗം കേട്ടിട്ടു മാത്രമേ ഓർഡർ ഇഷ്യൂ ചെയ്യാൻ പറ്റുകയുള്ളൂ എന്ന്. എന്നിട്ട് എന്ത് ചെയ്തു? അടുത്ത ദിവസം അവർ എന്നെ സസ്പെന്റ് ചെയ്തുകൊണ്ട് എനിക്കെതിരെ ഓർഡർ ഇറക്കി. കാര്യം എന്താണ് പറയുന്നത്? ഈ ബാർ കൗൺസിൽ എന്നു പറയുന്ന കാര്യം ലോകത്തിൽ ഏറ്റവും മോശം കംഗാരു കോർട്ടാണ്. ഇത് ഒരു എം.എൽ.എ.-യെ കയ്യിൽ കിട്ടിയപ്പോൾ എന്നാലൊന്ന് കൈകാര്യം ചെയ്തേയ്ക്കാം എന്ന് വിചാരിച്ചു. അലിഗേഷൻ എന്താണ്? എനിക്ക് പത്തു ശതമാനം ഷെയറേ കമ്പനിയിലുള്ളൂ എന്ന് രജിസ്ട്രാർ ഓഫ് കമ്പനീസ് പറഞ്ഞുകഴിയുമ്പോൾ എന്റെ ഭാഗം കേൾക്കാതെ ഹൈക്കോടതി ഓർഡറിന് വിരുദ്ധമായി കേരളത്തിലെ, ഇന്ത്യയിലെ കോൺസ്റ്റിറ്റ്യൂഷണൽ കോടതി പറയുന്നത് കേൾക്കാതെ ബാർ കൗൺസിൽ എന്നു പറയുന്ന ഈ കംഗാരു കോർട്ട് എന്നെ സസ്പെന്റ് ചെയ്തു. ഞാൻ ഹൈക്കോടതിയിൽ പോയി ഹൈക്കോടതി നിങ്ങൾ എന്ത് കോടതിയാണെന്ന് ചോദിച്ചുകൊണ്ട് ആ നടപടി സസ്പെന്റ് ചെയ്തു. ഇങ്ങനെയുള്ള ഒരു ബാർ കൗൺസിൽ കേരളത്തിലെ നമ്മുടെ വക്കീലന്മാർക്ക് നാണക്കേട് അല്ലേ? ഞാൻ അപ്പോൾ പറഞ്ഞതിന് വല്ല കുഴപ്പവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. മോനായി : സർ, അങ്ങയുടെ അഭിപ്രായത്തോട് എനിക്ക് പൂർണ്ണമായി യോജിക്കുവാൻ കഴിയുകയില്ല. കാരണം മുമ്പ് ഒരാൾ എം.എൽ.എ-മാരെ സംബന്ധിച്ച് ബാറുമായി ബന്ധപ്പെടുത്തി പറഞ്ഞ കാര്യത്തിൽനിന്ന് മോചിതമായിട്ടില്ല. അതിന്റെ ഇടയിൽ ഇപ്പോൾ അങ്ങ് ഇതിനകത്ത് ബാർ കൗൺസിൽ മുഴുവൻ ബാറിലാണ് കൂടുന്നതെന്ന് പറഞ്ഞ വിവാദത്തിൽ കക്ഷി ചേരാൻ ഞാനില്ല. എന്റെ അഭിപ്രായത്തിൽ ബാർ കൗൺസിലിലൊക്കെ നല്ല ആളുകളുണ്ട്. എല്ലാ സമൂഹത്തിലുമുണ്ട്.

ശ്രീ. എൻ. അനിരുദ്ധൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ബാർ കൗൺസിൽ എന്നുപറയുന്നത് വളരെ സ്റ്റാറ്റ്യൂട്ടറിയായ ഒരു ബോഡിയാണ്. പെപ്യൂട്ടഡ് ബോഡിയാണ്. ഇൻഡ്യയിൽ ബാർ കൗൺസിൽ എന്നു പറയുന്നതുതന്നെ വളരെ പ്രാധാന്യമുണ്ട്. ആ ബോഡിയെ വളരെ ഡിഫമേറ്ററിയായിട്ടുള്ള പ്രയോഗങ്ങൾകൊണ്ട് സഭയിൽ ആക്ഷേപിക്കുന്നത് ശരിയല്ല. അത് രേഖകളിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ്. ബാറും ബാർ കൗൺസിലും അത് രണ്ടും വ്യത്യസ്തം തന്നെയാണ്. ആ വ്യത്യസ്തത നിലനിർത്തിക്കൊണ്ടുതന്നെയുള്ളതാണ് സഭ്യമായ നമ്മുടെ സഭയുടെ അന്തസ്സിന് നിരക്കുന്നത് എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എം. എം. മോനായി : സർ, ബഹുമാനപ്പെട്ട അൽഫോൺസ് കണ്ണന്താനം അദ്ദേഹത്തിന്റെ വ്യക്തിപരമായ ഒരു അനുഭവം വച്ച് ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയെ മൊത്തം അപഹസിക്കുന്നതിന് ഉപയോഗിച്ചത് ശരിയല്ല. കാരണം ബാർ കൗൺസിൽ എന്നു പറയുന്നത് ഇന്ത്യയിലെ എല്ലാ അഡ്വക്കേറ്റ്സും വോട്ട് ചെയ്ത് അധികാരത്തിൽ വരുന്ന ഒരു സമിതിയാണ്. നമ്മൾ നിയമസഭയിൽ തെരഞ്ഞെടുക്കപ്പെട്ടതുപോലെതന്നെ ഇന്ത്യയിലെ എല്ലാ അഡ്വക്കേറ്റ്സും തെരഞ്ഞെടുത്ത് അധികാരത്തിൽ വരുന്നതാണ്. അല്ലാതെ ഹൈക്കോടതിയുടെ സെപ്പറേറ്റ് ബാർ അസ്സോസ്സിയേഷൻ പോലെയല്ല. ഇന്ത്യയിലെ എല്ലാ അഡ്വക്കേറ്റ്സും വോട്ട് ചെയ്ത് അധികാരത്തിൽ വരുന്നതാണ് ബാർ കൗൺസിൽ. അതിന് അതിന്റേതായ ചില നിയമങ്ങളുണ്ട്. അഡ്വക്കേറ്റ്സിന്റെ പ്രാക്ടീസിനെ സംബന്ധിച്ചുള്ള, തെറ്റായ പ്രാക്ടീസുകളെ നിയന്ത്രിക്കുന്നതിനുള്ള സമിതി കൂടിയാണ് ബാർ കൗൺസിൽ. അത് ഒരു ക്വാക്ടീവ് ബോഡിയാണ്. അപ്പോൾ അതിൽ വരുന്ന ഏതെങ്കിലുമൊരു ഇൻഡിവിഡ്വലായ സംഭവത്തെ ജനറലൈസ് ചെയ്യുന്നതും സഭയിലാകെ തെറ്റിദ്ധരിക്കപ്പെടുന്നതും ശരിയല്ല. അത് രേഖയിൽനിന്ന് നീക്കം ചെയ്യപ്പെടേണ്ടതാണ്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, അസംബ്ലി സത്യം പറയാനുള്ള ഒരു വേദിയാണ്. I am very sorry. If an institution, which is supposed to function like a court, does not function like a court and if it is functioning like a kangaroo court, it is my responsibility, my right to talk about it here. I will talk about it. I am very sorry. നിങ്ങളുടെ പ്രസ്ഥാനങ്ങൾ വക്കീലന്മാരുടെ പ്രസ്ഥാനങ്ങൾ എന്നുപറഞ്ഞാൽ എന്റെയും കൂടി പ്രസ്ഥാനമാണ്. ഈ രാജ്യത്ത് നിയമങ്ങളുണ്ടായിട്ട് ആ നിയമങ്ങളൊക്കെ

ലംഘിച്ച്, കംഗാരു കോർട്ടായി ബാക്കിയുള്ള മനുഷ്യർക്ക് ചിരിക്കാനുള്ള മറ്റൊരു പ്രസ്ഥാനമാകുമ്പോൾ ആ സത്യങ്ങളെ ഈ അസംബ്ലിയിൽ പറയും. സോറി ശ്രീ. എം. എം. മോനായി, ഇത് എന്റെ പ്രശ്നമല്ല. When a case comes up in the High Court, it is not my issue, it is a problem of the citizen of the State, and what the High Court says, you have violated the law. This is not the law. Mr. Monaye, you please read the judgement of the court before you make such coments.

മി. സ്പീക്കർ : ശ്രീ. അൽഫോൺസ് കണ്ണന്താനം ആ ചർച്ച നമുക്ക് അവസാനിപ്പിക്കാം.

ശ്രീ. എം. ഉമ്മർ : സർ, ഈ ബാറിനെ സംബന്ധിച്ചുള്ള വ്യാഖ്യാനത്തിനിടയ്ക്ക് ഞാൻ പറഞ്ഞ ചർച്ചയുടെ സ്പിരിറ്റ് പോകരുതെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്. ബാർ എന്നു പറഞ്ഞാൽ പല ബാർ ഉണ്ട്. ബാർ വേറെ, ബാർബേറിയൻ വേറെ, ബാർബർ വേറെ, അങ്ങനെ ബാറിൽ തുടങ്ങുന്ന ഒരുപാട് സംഗതികളുണ്ട്. അതുകൊണ്ട് സർ ഞാൻ അവസാനിപ്പിക്കുകയാണ്. ഇക്കാരണങ്ങളാൽ അത് പിൻവലിച്ച് പ്രധാന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പുതിയ ബിൽ കൊണ്ടുവരണം.

ശ്രീ. പി. കൃഷ്ണപ്രസാദിനുവേണ്ടി (ശ്രീമതി പി. അയിഷാ പോറ്റി) : സർ, 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 28-2-2011 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അഭിഭാഷക ക്ഷേമനിധി എമൗണ്ട് കൂട്ടി അഞ്ച് ലക്ഷമാക്കിക്കൊണ്ടുള്ള ഒരു ഭേദഗതി ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. വ്യക്തിപരമായി പറഞ്ഞാൽ അഞ്ച് ലക്ഷം എന്നുള്ളത് പത്ത് ലക്ഷമാക്കിയാൽ ഒരു ചെറിയ ആശ്വാസംകൂടി ആകുമെന്നുള്ള ഒരു തോന്നലാണുള്ളത്.

മി. സ്പീക്കർ : ഇരുപത് ലക്ഷമാക്കിയാലും നല്ലതാണ്.

ശ്രീമതി പി. അയിഷാ പോറ്റി : സർ, എത്ര ആക്കിയാലും നല്ലതാണ്. പൊതുവിൽ ഒരു അഭിപ്രായമുണ്ട്. സമൂഹത്തിലെ ജനങ്ങൾക്ക് നീതി കൊടുക്കാൻ കഴിയുന്ന, കോടതിയിൽനിന്ന് നമുക്ക് നീതി വാങ്ങിക്കൊടുക്കാൻ കഴിയുന്ന, ഏറ്റവും ഫലപ്രദമായി ഇടപെടാൻ കഴിയുന്ന ഒരു വിഭാഗമാണ് അഭിഭാഷകർ. നല്ല നിലയ്ക്ക് പ്രവർത്തിച്ചുകൊണ്ടുതന്നെ ഒരുപാട് പേർ അതിൽ വർക്ക് ചെയ്യുന്നുണ്ട്. പക്ഷേ അഭിഭാഷകരിൽ കുറേ ആൾക്കാർക്ക് ഈ അഞ്ച് ലക്ഷം രൂപ എന്നുള്ളത് ഒരു ദിവസം ഒരു മണിക്കൂർ വർക്ക് ചെയ്യുമ്പോൾ തന്നെ കിട്ടുന്ന ഫീസായിരിക്കാം. പക്ഷേ അതുവച്ച് കണക്കാക്കാൻ കഴിയുകയില്ല. നമ്മുടെ അഭിഭാഷകരിൽ നല്ലൊരു ശതമാനവും സ്വന്തമായി വരുമാനം അധികമില്ലാതെ വല്ലപ്പോഴും കിട്ടുന്ന കമ്മീഷന്റെ എമൗണ്ട് മാത്രം നോക്കി ഇരിക്കുന്ന ഒരു സ്ഥിതിയുണ്ട്. അതൊക്കെ കണക്കാക്കിക്കൊണ്ടുതന്നെ പുതുതായി ഈ പ്രൊഫഷനിലേയ്ക്ക് വരുന്നവരെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അതുപോലെ വർഷങ്ങൾ പ്രാക്ടീസ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത് വലിയ എമൗണ്ടൊന്നും കിട്ടാത്ത എത്രയോ പേരുണ്ട്. വലിയ എമൗണ്ട് ഫീസ് കിട്ടുന്നവർ ഒരിക്കലും റിട്ടയർ ചെയ്യുകയില്ല. മരിക്കുന്നതുവരെ അവർ പ്രാക്ടീസ് ചെയ്തുകൊണ്ടിരിക്കും. ഒരു സംശയവുമില്ലാത്ത കാര്യമാണ്. ഇപ്പോൾ വന്നിട്ടുള്ള ചെറിയ ഒരു പ്രശ്നം എനിക്കു തോന്നുന്നത്, ഇതിനകത്ത് ഈ 14285 രൂപ ഒരു വർഷം എന്നുള്ളത് കണക്കാക്കുമ്പോൾ അത് വളരെ വർഷങ്ങളെടുക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇപ്പോൾ ഇയർലി സബ്സ്ക്രിപ്ഷൻ ഇരട്ടിയാക്കുകയും ചെയ്തിട്ടുണ്ട്. തുക കണക്കാക്കുമ്പോൾ ഏറ്റവും കുറഞ്ഞത് മുപ്പത്തിയഞ്ച് വർഷം കഴിയുമ്പോഴെങ്കിലും ഈ ഫൈനൽ എമൗണ്ട് കിട്ടത്തക്കവണ്ണം, പത്തു ലക്ഷമെങ്കിലും കിട്ടണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. അഞ്ച് ലക്ഷം ആക്കിയത് സന്തോഷം. പിന്നീട് ഭാവിയിൽ വരട്ടെ എന്ന് വിചാരിക്കുകയാണ്. ഈ എമൗണ്ട് എന്തായാലും ഒരു മുപ്പത്തിയഞ്ച് വർഷം പ്രാക്ടീസ് ആകുമ്പോൾ കിട്ടത്തക്കതരത്തിലുള്ള ഒരു രീതി വരണമെന്നാണ് എനിക്ക് തോന്നുന്നത്. എന്റെ സ്വന്തമായ അഭിപ്രായം ഇപ്പോൾ പറയുന്നു എന്നേയുള്ളൂ.

ജൂനിയർ ആയിട്ടുള്ള അഭിഭാഷകരെ സംബന്ധിച്ച് ഞാൻ തന്നെ ഒരു സബ്മിഷൻ ഈ സഭയിൽ ഉന്നയിച്ചിരുന്നതാണ്. അഭിഭാഷകരുടെ ക്ഷേമനിധി ഉയർത്തണം. ഞങ്ങളുടെ അനുഭവത്തിൽ വക്കീലന്മാരേക്കാൾ കൂടുതൽ കാൾ കിട്ടുന്നവരാണ് അഡ്വക്കേറ്റ് ക്ലാർക്കുമാർ. കക്ഷി ഫീസ് കൊടുക്കുന്നത് കുറച്ചാലും ഗുമസ്തന് ഉറപ്പായി ഫീസ് കൊടുത്തിരിക്കും. എത്രയോ വർഷം പ്രാക്ടീസ് ചെയ്യുമ്പോൾ നമുക്കറിയാം. അങ്ങനെയുള്ളവർക്കു പോലും മൂന്നു ലക്ഷം രൂപ ഇപ്പോഴുണ്ട് എന്നുള്ളത് ഒരു സത്യമാണ്. അപ്പോൾ ജൂനിയർ ആയി വരുന്ന അഭിഭാഷകർക്ക് ഈ പ്രൊഫഷനിൽ സ്റ്റിക്ക് ഓൺ ചെയ്യാനും കഴിയും. ക്ഷേമനിധി കൂടാതെതന്നെ ഒരു സ്റ്റൈപ്പെന്റ് കൂടി ഉൾപ്പെടുത്തേണ്ടതാണ്. നേരത്തേ ഒരിക്കൽ ഞാൻ സബ്മിഷൻ ഉന്നയിച്ചപ്പോൾ പണം വന്നാൽ മാത്രമേ സഹായിക്കുവാൻ പറ്റുകയുള്ളൂ എന്ന് ധനകാര്യ മന്ത്രി പറഞ്ഞു. എന്തായാലും ശരി അക്കാര്യത്തിൽക്കൂടി ഒരു മാറ്റം ഉണ്ടാക്കേണ്ടതായിട്ടുണ്ട്.

സാധാരണഗതിയിൽ വനിതകളായ അഭിഭാഷകർ ഒരു വിവാഹംകൂടി കഴിഞ്ഞാൽ തീർത്തും ഈ പ്രൊഫഷനിൽനിന്ന് പോകുന്ന സ്ഥിതി വരുന്നുണ്ട് എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. സ്വന്തമായി ഇൻകം ഇല്ല. ഞങ്ങളെപ്പോലെയുള്ളവരൊക്കെ കുറേ പഠിക്കുകയും കേസ്സുകൾ വരികയും ചെയ്തതുകൊണ്ട് സ്റ്റിക്ക് ഓൺ ചെയ്ത് നല്ല നിലയ്ക്ക് പോകുവാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് സത്യമാണ്. പക്ഷേ ഒരുപാട് പേരും ഇത് മടുത്തിട്ട് വേറെ കൊച്ചു ജോലി കിട്ടിയാലും പോകുന്നുണ്ട്. അവർക്ക് ഇതിൽ തുടരാൻ കഴിയുന്ന ഒരു സ്ഥിതിയിലേക്ക് മാറ്റിയെടുക്കുവാൻ കൂടി കഴിയേണ്ടതായിട്ടുണ്ട്. അഭിഭാഷക ക്ഷേമനിധി ബില്ലുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോൾ ഈ കാര്യങ്ങൾകൂടി തീർച്ചയായും ഗവൺമെന്റ് പരിഗണിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

നല്ല ഒരു പ്രൊഫഷൻ നല്ല രീതിയിൽ കൊണ്ടുപോകാൻ കഴിയണം. അതുപോലെതന്നെ ശ്രീ. എം. എം. മോനായി അടക്കമുള്ളവർ ഈ ബില്ലിനകത്ത് ഓരോ വർഷവും ഒരു ഡിക്ലറേഷൻ കൊടുക്കുന്നതിനെ സംബന്ധിച്ച് ചൂണ്ടിക്കാണിച്ചു. അങ്ങനെ ഒരു ആവശ്യമുണ്ടോ എന്ന് എനിക്കും സംശയമുണ്ട്. തീർച്ചയായും അതൊന്ന് മാറ്റുന്നത് നന്നായിരിക്കും. അല്ലെങ്കിൽതന്നെ ഇത്ര വർഷമായി പ്രാക്ടീസ് ചെയ്യുന്നുണ്ട് എന്ന് പറഞ്ഞു കൊണ്ടാണ് ക്ഷേമനിധിയിൽ സബ്സ്ക്രിപ്ഷൻ അടയ്ക്കുന്നത്. പിന്നെ അഞ്ച് വക്കാലത്ത് സ്റ്റാമ്പ് ഒട്ടിക്കുമ്പോൾത്തന്നെ അത് ആൾറെഡി റെഡിയായി കഴിഞ്ഞു. പിന്നെ വീണ്ടും ഒരു ഡിക്ലറേഷൻ ബാർ അസ്സോസ്സിയേഷനിൽനിന്ന് കൊടുക്കണമെന്നൊക്കെ പറയുമ്പോൾ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോകുമ്പോൾ അത് ഒഴിവാക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്.

ഈ അഭിഭാഷക ക്ഷേമനിധിയെക്കുറിച്ച് പറഞ്ഞാൽ ഇതിനകത്ത് ആവശ്യമായ ഫണ്ടില്ല എന്നുള്ളത് യഥാർത്ഥ്യമാണ്. അതുപോലെ പകുതിയിലധികം പേരും മെമ്പർഷിപ്പ് എടുക്കുകയില്ല. അപ്പോൾ മുഴുവൻ അഭിഭാഷകരും വെൽഫെയർ ഫണ്ട് സ്കീമിൽ കമ്പൽസറിയായി മെമ്പർ ആയിരിക്കണമെന്നുള്ള ഒരു സംഗതിയുണ്ടായാലേ ഇതിനകത്ത് ഒരു മാറ്റം വരൂ. അപ്പോൾ എൻട്രൻസ് ഫീസ് അടക്കം ഇയർലി സബ്സിക്രിപ്ഷൻ കൂടി വരുമ്പോൾ കുറച്ചു മാറ്റം വരും.

3.00 PM.]

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ഫീസ് വേണ്ടത്ര കിട്ടാത്ത അഡ്വക്കേറ്റ്സിന്റെ കാര്യങ്ങളൊക്കെ പറയുന്നുണ്ടല്ലോ; വളരെ കുറച്ച് കാശ് മാത്രം കിട്ടുന്നതിന്റെ വിഷമമൊക്കെ പറയുകയുണ്ടായി. ഒരു അപ്പിയറൻസിന് ഒരു കോടി രൂപ, അൻപത് ലക്ഷം, ഇരുപത് ലക്ഷം, പത്ത് ലക്ഷം ഇങ്ങനെ പലതരത്തിൽ, യാതൊരു തരത്തിലുള്ള വ്യവസ്ഥയുമില്ലാതെ വാങ്ങുന്നവർ കാണും. വാസ്തവത്തിൽ യാതൊരു ജനാധിപത്യ ഘടനയുമില്ലാത്ത ഒരു പ്രതിഫലമാണ് അഡ്വക്കേറ്റ്സിന്റേത്. ഇന്ത്യയിൽ മാത്രമാണോ എന്ന് അറിയില്ല. ഇങ്ങനെ അധികം വാങ്ങുന്നതിന്റെ സർവ്വീസ് ടാക്സ് എല്ലാം ഗവൺമെന്റിന് കൊടുക്കുന്നതാണ്. കോടതി ഗവൺമെന്റ് സ്ഥാപനമാണ്. അവർ പോയി പഠിച്ച ചെലവും അവരുടെ വണ്ടിയിൽ വരുന്ന ചെലവും അവർ വാങ്ങുന്ന പുസ്തകത്തിന്റെ ചെലവും സംസ്ഥാനിക്കുന്നതുമല്ലാതെ ഫെസിലിറ്റി ഒന്നും അവരുടേതല്ല. കോടതി മുഴുവൻ ഗവൺമെന്റിന്റേതാണ്. പക്ഷേ മറ്റ് മംഗത്ത് അതല്ല. നോബൽ സമ്മാനം കിട്ടുന്ന ഒരു പുസ്തകം അച്ചടിച്ചാലും സാധാരണ പുസ്തകം അച്ചടിച്ചാലും ഒരു പേജിന് ഒരേ വിലയാണ്. നോബൽ സമ്മാനം വാങ്ങുന്ന പുസ്തകം ആയതുകൊണ്ട് പേജിന് വില വർദ്ധിക്കുന്നില്ല. ഇവിടെ ബൗദ്ധികമായി ഇതിനേക്കാൾ കഴിവ് പ്രകടിപ്പിക്കുന്നവർക്ക് പോലും ഇതിന്റെ പത്തിലൊന്ന് ശംബളം കിട്ടുന്നില്ല. അതുകൊണ്ട് അധികം ഫീസ് വാങ്ങുന്നവരിൽ നിന്ന് ഒരു ഭാഗം ടാക്സായി പാവപ്പെട്ട എല്ലാ വക്കീലൻമാർക്കും കിട്ടാൻ വേണ്ടി എന്തെങ്കിലും ഒരു നടപടി കൊണ്ടുവരുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. അയിഷാ പോറ്റി : സർ, അങ്ങ് പറഞ്ഞത് നല്ല കാര്യമാണ്. പക്ഷെ ഒരു കോടിയും ലക്ഷങ്ങളും വാങ്ങുന്ന അഡ്വക്കേറ്റ്സിന്റെ എണ്ണം തുലോം കുറവാണെന്നുള്ളതാണ് പ്രശ്നം. അവർ വാങ്ങുന്ന എമൗണ്ട് നമുക്ക് കണക്കാക്കാൻ കഴിയില്ല. ഇൻകംടാക്സ് ഒക്കെ അവർ കൊടുക്കുന്നുണ്ടാകാം. ഇത് ആലോചിക്കാവുന്ന കാര്യം തന്നെയാണ്. ബഹുമാനപ്പെട്ടമന്ത്രി ഈ ഫണ്ട് വർദ്ധിപ്പിക്കാൻ വേണ്ടി അത്തരത്തിൽ ആലോചിച്ച് ഇതിനകത്ത് ഒരു ഭേദഗതി ഉണ്ടാക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അതുപോലെ രജിസ്ട്രേഷൻ ഫീ കൊടുക്കുന്നതിൽ അര ശതമാനം മാത്രമേ ഈ ഫണ്ടിലേക്ക് പോകുന്നുള്ളൂ. അത് ഒരു ശതമാനമാക്കി വർദ്ധിപ്പിച്ചാൽത്തന്നെ ഈ ഫണ്ടിന്റെ അപര്യാപ്തത കുറെ മാറിക്കിട്ടും. ബഹുമാനപ്പെട്ട മിനിസ്റ്റർ ജി. സുധാകരൻ പറഞ്ഞു ഇഷ്ടം പോലെ കാശ് ഉള്ളവരൊക്കെയുണ്ട്. പുസ്തകം വാങ്ങണമെങ്കിലും ഒരു ലൈബ്രറി തുടങ്ങണമെങ്കിലും ഒന്ന് പിടിച്ചു വരണമെങ്കിലും ബുദ്ധിമുട്ടാണെന്ന്. ഭൂരിപക്ഷം ആളുകൾക്കും നല്ല പ്രയാസമുള്ള പ്രൊഫഷൻ തന്നെയാണ്. അതുകൊണ്ടു തന്നെയാണ് ഈ ക്ഷേമനിധി ഏറ്റവും അനിവാര്യമായി വന്നിട്ടുള്ളത്. അല്ലാതെ നല്ല പ്രാക്ടീസ് ഉള്ളവർക്ക് ഇതിന്റെയൊന്നും ആവശ്യമില്ല. വൻ ഭൂരിപക്ഷം വരുന്ന അഭിഭാഷകരെ കണക്കാക്കിക്കൊണ്ട് തന്നെയാണ് ഈ വെൽഫെയർ ഫണ്ട് പ്രധാനമായും വരേണ്ടത്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, പ്രധാന പ്രശ്നമെന്നു പറയുന്നത് ഒരു പ്രാക്ടീസ് തുടങ്ങാനുള്ള ബുദ്ധിമുട്ടാണ്. അത് സെറ്റപ്പ് ചെയ്യാൻ ബുദ്ധിമുട്ടാണ്. അങ്ങനെയാണെങ്കിൽ ക്ഷേമനിധി എന്നു പറയുന്നത് ചാകാൻ നേരത്ത് കിട്ടിയിട്ട് വലിയ പ്രയോജനമില്ല. ഒരു പ്രാക്ടീസ് സെറ്റപ്പ് ചെയ്യാൻ വേണ്ടി, ഒരാൾ ഗ്രാജ്വേറ്റായാൽ അയാൾക്ക് ഗവൺമെന്റിൽ നിന്നും ഒരു ലോൺ കൊടുക്കാനുള്ള വ്യവസ്ഥ കൊണ്ടുവരാൻ സാധിക്കുമോ? അതല്ലേ നല്ലത്? ജീവിച്ചു പോകാൻ ഒരു ലൈബ്രറിയും ഓഫീസും ഒക്കെ സെറ്റപ്പ് ചെയ്യാൻ വേണ്ടി പത്ത് ലക്ഷം രൂപ, വേണമെങ്കിൽ ഇന്ററസ്റ്റ് വാങ്ങിക്കോട്ടെ, എന്തെങ്കിലും ഈട് കൊടുത്തിട്ടാണെങ്കിലും ഒരു ലോൺ കൊടുക്കാനുള്ള വ്യവസ്ഥ ഉണ്ടാക്കുന്നത് നല്ലതല്ലേ?

ശ്രീമതി പി. അയിഷാ പോറ്റി : സർ, എന്റെ അഭിപ്രായത്തിൽ വക്കീലൻമാർക്ക് മാത്രമല്ല ആർക്ക് വേണമെങ്കിലും ലോൺ എടുക്കാവുന്നതേയുള്ളൂ. പക്ഷെ ഈ ഫണ്ട് വർദ്ധിപ്പിച്ചാൽ ആ ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് അവർക്ക് അടയ്ക്കാൻ താൽപര്യമുണ്ടാക്കാൻ വേണ്ടി ചെറിയ ശതമാനം പലിശയ്ക്ക് കൊടുത്താൽ ഈ ഇൻകം വീണ്ടും വർദ്ധിപ്പിക്കാൻ സാധിക്കും. എന്തായാലും ഇവിടെയുള്ള പ്രശ്നം അഭിഭാഷക ക്ഷേമനിധി ഫണ്ട് കുറവാണെന്നുള്ളതാണ്. അത് വർദ്ധിപ്പിക്കാൻ എന്ത് മാർഗ്ഗമാണുള്ളത് എന്നുള്ളതാണ്. എനിക്ക് ഒരു അഭിപ്രായം പറയാനുള്ളത് വാഹനങ്ങൾ പെറ്റി അടിച്ചുമൊക്കെ ധാരാളം കാശ് സർക്കാരിന് വരുന്നുണ്ട്. അതിന്റെ ഒരംശം വെൽഫെയർ ഫണ്ടിലേക്ക് വച്ചാൽ എന്ത് നഷ്ടമാണുള്ളത്? ഇത് ഈ പ്രൊഫഷന്റെ ഭാഗമായിട്ടുള്ളതല്ലേ? എത്രയോ പേർ ദിവസവും മദ്യപിച്ച് പോകുന്നതിന്

പെറ്റി അടിച്ചുവിടുന്നുണ്ട്. ക്രിമിനൽ കേസുകളിൽ ശിക്ഷിക്കപ്പെടുന്നത് അതിന്റെ ഒരു ചെറിയ ശതമാനവും, ഇവിടെ പറഞ്ഞ കോർട്ട് ഫീസ് അടയ്ക്കുന്നതിന്റെ അര ശതമാനം എന്നുള്ളത് ഒരു ശതമാനവും ആക്കിക്കഴിഞ്ഞാൽ ഇപ്പോൾ നിലനിൽക്കുന്ന പ്രശ്നം തീർച്ചയായും ഒഴിവാക്കാൻ സാധിക്കും. സർക്കാർ ഫണ്ട് തരിക എന്നു പറയുമ്പോൾ രണ്ട് കോടി മൂന്ന് കോടി തരണമെന്നു പറഞ്ഞാൽ എല്ലാ വിഭാഗത്തിനും കൊടുക്കണം. അതുകൂടാതെ തന്നെ വേണമെങ്കിൽ ഇത്തരത്തിൽ ഒരു പ്രയാസവും കൂടാതെ അത് ഉയർത്താൻ കഴിയുന്ന സ്ഥിതിയുണ്ട്. അഡ്വക്കേറ്റ്സിന് വേണ്ടിവരുന്ന ചികിൽസ, ചില അഭിഭാഷകർ കുടുംബം പുലർത്തുന്നത് തന്നെ പ്രാക്ടീസ് ചെയ്തു കിട്ടുന്ന വരുമാനത്തിൽനിന്നുമായിരിക്കും. പെട്ടെന്ന് വയ്യാതെ ആയിക്കഴിഞ്ഞാൽ അവർക്ക് ഒരു ചികിൽസാ സഹായം, അത് നല്ല നിലയ്ക്ക് ഉണ്ടാകേണ്ടതായിട്ടുണ്ട്. അതുപോലെ ഇൻഷ്വറൻസിനെപ്പറ്റി ഇതിനകത്ത് പറയുന്നുണ്ട്. പക്ഷെ ഫലപ്രദമായി ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് വന്നുകൊണ്ട് അഭിഭാഷകരെ സഹായിക്കുന്ന ഒരു സംവിധാനംകൂടി ഇതിനകത്ത് വന്നാൽ നന്നായിരിക്കും എന്നുള്ളതാണ് പറയാനുള്ളത്.

<u>ശ്രീ. എം. ചന്ദ്രൻ</u> : സർ, ഞാൻ ഒരു ബാർ അസോസിയേഷന്റെ മീറ്റിംഗിൽ പങ്കെടുത്തപ്പോൾ അവർ ഈ ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച് രോക്ഷാകുലരായത് സർക്കാർ ഇതിലേക്ക് ഒരു കോൺട്രിബ്യൂഷനും നൽകുന്നില്ല എന്നുള്ളതിലാണ്. മറ്റ് പല ക്ഷേമനിധികളിലേക്കും സർക്കാർ കോൺട്രിബ്യൂഷൻ നൽകുന്നുണ്ട്. എന്തുകൊണ്ട് വക്കീലൻമാരുടെ ക്ഷേമനിധിയിലേക്ക് സർക്കാർ കോൺട്രിബ്യൂഷൻ നൽകുന്നില്ല എന്ന് സീനിയർ വക്കീലൻമാർ ഉൾപ്പടെ ചോദിക്കുകയുണ്ടായി. ഈ ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നില്ല. അത് ഈ ബില്ലിന്റെ ഒരു പ്രത്യേകതയാണ്. അത് മാറ്റി സർക്കാരിന്റെ എന്തെങ്കിലും കോൺട്രിബ്യൂഷൻ ഇതിലേക്ക് കൊടുക്കുന്നത് നന്നായിരിക്കും എന്ന് അങ്ങേക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീമതി പി അയിഷാ പോറ്റി</u> : സർ, എനിക്ക് അഭിപ്രായമുണ്ട് അതിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. പെറ്റി അടിച്ചു വരുന്ന ഫൈൻ എമൗണ്ടോ അല്ലെങ്കിൽ ഇപ്പറഞ്ഞ കോർട്ട് ഫീസ് വരുന്നതിന്റെ അര ശതമാനമെന്നുള്ളത് ഒരു ശതമാനമാക്കി വർദ്ധിപ്പിക്കുകയോ ചെയ്തുകഴിഞ്ഞാൽ തീർച്ചയായും നല്ല വർദ്ധനവ് ഫണ്ടിലേക്ക് കൊടുക്കാൻ സാധിക്കും.

<u>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്</u> : സർ, വക്കീലൻമാരെ മുന്നായി തിരിക്കുന്നതായിരിക്കും നല്ലത്. അനുഭവത്തിൽ എടുക്കുമ്പോൾ കോടതിയിൽ ജൂനിയറായി പ്രാക്ടീസ് തുടങ്ങുമ്പോൾ കേസ് ഇഷ്ടം പോലെ ഉണ്ടാകും പക്ഷെ കാശ് കിട്ടില്ല. രണ്ടാമത്തെ ഘട്ടം വരുമ്പോൾ നമ്മൾ എങ്ങനെയെങ്കിലും ഒരു ഓഫീസ് തട്ടിക്കൂട്ടി കേസൊക്കെ പിടിച്ച് കാശൊക്കെ പതുക്കെ പതുക്കെ വന്നു തുടങ്ങും. മൂന്നാമത്തെ ഘട്ടം വരുമ്പോൾ വലുതായി ഓഫീസ്

LIBRARY ARCHIVES Kerala Legislative Assembly

ഫംഗ്ഷൻ ചെയ്യാൻ കഴിയും. അപ്പോൾ ഇഷ്ടം പോലെ ജൂനിയേഴ്സ് ഉണ്ടാകും നമ്മൾ പേരിന് ഇരിക്കുക. ഇഷ്ടം പോലെ കേസുണ്ടാകും ഇഷ്ടം പോലെ കാശും ഉണ്ടാകും. അതുകൊണ്ട് ക്ഷേമനിധിയെത്തന്നെ പ്രായോഗികമായി നോക്കുമ്പോൾ ഈ മൂന്ന് രീതിയിൽ തരംതിരിച്ചുകൊണ്ട് ആദ്യത്തെ വിഭാഗം വക്കീലൻമാർക്ക് ഗവൺമെന്റ് ഒരു സപ്പോർട്ട് കൊടുത്ത് രണ്ടാമത് അതിൽ ഇത്തിരിയും കൂടി ഡയല്യൂട്ട് ചെയ്ത് സർപ്പോർട്ട് കൊടുത്ത് മൂന്നാമത് കുറച്ചു കൂടി കുറച്ചു കൊണ്ടുവരുന്ന രീതിയിൽ മൂന്നായി തരം തിരിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീമതി പി. അയിഷാ പോറ്റി : സർ, അത് പ്രാക്ടിക്കലായി ചെയ്യാൻ കഴിയുമെങ്കിൽ ആലോചിക്കാവുന്ന കാര്യമാണ്. നല്ല പണം ഉള്ളവർക്ക് വെൽഫെയർ ഫണ്ടിന്റെ ആവശ്യമില്ല. അങ്ങ് പറഞ്ഞത് ഗവൺമെന്റിന് വേണമെങ്കിൽ ആലോചിക്കാവുന്നത് തന്നെയാണ്. ഈ ആക്ട് പാസാക്കിയ കാലം മുതലുള്ള ഒരു ഇഫക്ട്, എനിക്ക് തോന്നിയ കാര്യമാണ്, ഇത് ആർട്ടിക്കിൾ 14-ന് തന്നെ എഗൻസ്റ്റ് ആണെന്നാണ് എനിക്ക് തോന്നുന്നത്. വെൽഫെയർ ഫണ്ട് വാങ്ങിക്കഴിഞ്ഞാൽ പിന്നെ പ്രാക്ടീസ് ചെയ്യാനേ പാടില്ല. അത് ഒഴിവാക്കണമെന്നാണ് എന്റെ പക്ഷം. അത് ആലോചിക്കേണ്ട കാര്യമാണ്. അഞ്ച് ലക്ഷം രൂപ വാങ്ങിക്കഴിഞ്ഞാൽ പിന്നെ അൻപത്-അൻപത്തിയഞ്ച് വയസ്സാകുമ്പോൾ ഈ എമൗണ്ട് വാങ്ങിയിട്ട് പിരിഞ്ഞുകഴിഞ്ഞാൽ പിന്നീട് പ്രാക്ടീസ് ചെയ്തുകൂടാ. പ്രാക്ടീസ് ചെയ്യാൻ അനുവദിക്കണം പിന്നീട് പണം കിട്ടില്ല. വെൽഫെയർ സ്റ്റാമ്പ് ഒട്ടിച്ചുകൊണ്ട് തന്നെ, അപ്പോൾ അത്രയും ഇൻകം അതിൽ വന്നുകൊണ്ടിരിക്കും. ഇവർക്ക് പ്രാക്ടീസ് ചെയ്യുന്നതിന് എന്താ തടസ്സമുള്ളത്? അങ്ങനെ വരുമ്പോൾ മറ്റൊരു ചോദ്യം ചിലപ്പോൾ വന്നേക്കാം. എല്ലാവരും ഈ അഞ്ച് ലക്ഷവും വാങ്ങി പ്രാക്ടീസ് നിർത്തിയിട്ട് വീണ്ടും പ്രാക്ടീസ് തുടങ്ങിയാൽ ഫണ്ട് ഇല്ലാതാകുമോ എന്നുള്ള കസ്റ്റ്യൻ വന്നേക്കാം. അതിന് ഒരു റെസ്ട്രിക്ഷൻ വയ്ക്കാവുന്നതാണ്. ഇത്ര എമൗണ്ട് വരെ വാങ്ങിക്കൊണ്ട് പിൻമാറുകയാണെങ്കിൽ പിന്നീട് സ്റ്റാമ്പ് ഒട്ടിച്ച് അതുപോലൊരു വർദ്ധിച്ച കോൺട്രിബ്യൂഷൻകൂടി കൊടുത്താൽ അതിനൊരു മാറ്റം ഉണ്ടാക്കാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. എന്നാലും പ്രാക്ടീസ് ചെയ്യാൻ പാടില്ല എന്നുള്ളത് ഭേദഗതി ചെയ്യേണ്ടതാണ്. എത്ര മാത്രം പ്രാക്ടിക്കൽ ആകുമെന്ന് അറിയില്ല. എങ്കിലും അതുംകൂടി വരുന്നത് നല്ലതായിരിക്കും. ആവർത്തിച്ച് പറയാനുള്ള ഒരു കാര്യം ജൂനിയർ അഭിഭാഷകരെ നല്ലവണ്ണം സഹായിക്കുന്ന തരത്തിൽ ഒരു വകുപ്പ് ഇതിനകത്ത് വരേണ്ടതാണ്. ചെറിയൊരു സ്റ്റൈപ്പന്റ് അവർക്ക് കൊടുക്കണം. അറ്റ്ലീസ്റ്റ് പഠിച്ചിറങ്ങി വരുമ്പോൾ വീട്ടിൽനിന്ന് വണ്ടിക്കൂലി കൊടുക്കാൻ ഇടയാകരുത്. കമ്മീഷൻ പൈസ കൊണ്ട് നിൽക്കാൻ പറ്റില്ല. ഏറ്റവും ചുരുങ്ങിയത് മൂവായിരം രൂപ എങ്കിലും ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പന്റായി കിട്ടാനുള്ള നടപടി സ്വീകരിക്കണം. മറ്റ് സംസ്ഥാനങ്ങളിൽ അത് ഉണ്ടായിട്ടുണ്ട്. അതുപോലെ ചെറിയ ലൈബ്രറി സെറ്റ് ചെയ്യാനായി പലിശരഹിതമായി തിരിച്ചടയ്ക്കാവുന്ന അഡ്വാൻസ് തുക നൽകാനുള്ള സംവിധാനംകൂടി വന്നാൽ കുറച്ചുകൂടി നന്നാക്കി എടുക്കാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ ഒരുപാട് ദീർഘിപ്പിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹിദ് : സർ, സീനിയർ അഭിഭാഷകരുടെ കീഴിൽ വർക്ക് ചെയ്യുന്ന പത്തിരുപത്താളം ജൂനിയർ അഭിഭാഷകരുണ്ട്. ഈ ജൂനിയർ അഭിഭാഷകൻമാർക്ക് ഒരു പൈസയും കൊടുക്കാത്ത സീനിയർ അഭിഭാഷകരുണ്ട്. അങ്ങനെയുള്ള ജൂനിയർ അഭിഭാഷകർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം കൊടുക്കുന്നതിനെക്കുറിച്ച് അങ്ങേക്ക് എന്താണ് അഭിപ്രായം? അങ്ങും ജൂനിയറായി പല ഓഫീസിലും ഇരുന്നതാണ്. ഞാനും ഇരുന്നതാണ്. ഞാൻ ഇരുന്ന കാലത്ത് എനിക്ക് കിട്ടിയിട്ടുണ്ട്. പക്ഷെ അങ്ങിരുന്ന കാലത്ത് കിട്ടിയോ എന്ന് എനിക്കറിയില്ല.

ശ്രീമതി പി. അയിഷാ പോറ്റി : സർ, ചെയ്യുകതന്നെ വേണ്ട ഒരു കാര്യമാണ്. ഞാനും പ്രാക്ടീസ് ചെയ്യുമ്പോൾ കക്ഷി കൊടുക്കുന്ന ഫീസ് വാങ്ങാൻ അന്ന് എന്റെ സീനിയർ എന്നോട് പറഞ്ഞിട്ടുണ്ട്. അങ്ങേക്ക് ഉണ്ടായ അതേ അനുഭവം തന്നെ. എന്റെ സീനിയർ എനിക്ക് നല്ലവണ്ണം ഹെൽപ്പ് ചെയ്യുമായിരുന്നു. പക്ഷെ ഇപ്പോൾ പലയിടത്തുമുള്ള പ്രശ്നം, അങ്ങ് പറഞ്ഞതുപോലെതന്നെ ചിലർക്ക് ഒട്ടുമേ കാശുകൊടുക്കാതെ, സപ്പോർട്ട് ചെയ്യാതിരിക്കുന്ന സ്ഥിതി ഒരുപാട് ജൂനിയേഴ്സ് പറയുന്നുണ്ട്. ഇത് മാറണം. നമ്മളെ സഹായിക്കുമ്പോൾ അവരുടെ ബുദ്ധിയും കഴിവും സമയവുമെടുത്ത് കിട്ടുന്ന ഫീസിന്റെ ഒരു ഓഹരി അവർക്കുകൂടി കൊടുക്കണം. കക്ഷിയോട് പറഞ്ഞാൽ മതിയല്ലോ? അതുകുറച്ച് ഫീസ് നമ്മൾ വാങ്ങിയാൽ മതി. അത് ചെയ്യേണ്ടതുതന്നെയാണെന്നാണ് എന്റെയും അഭിപ്രായം. സീനിയേഴ്സ് എപ്പോഴും ജൂനിയേഴ്സിനെ സഹായിക്കണം, അവരെ പ്രോത്സാഹിപ്പിക്കണം, കേസ്സ് പഠിക്കാൻ അനുവദിക്കണം. ചാൻസ് കൊടുത്താലേ വക്കീലൻമാർ വളർന്നുവരികയുള്ളൂ. കേസ്സ് നടത്താൻ അനുവദിക്കുകയും വേണം. സംശയമില്ലാത്ത കാര്യമാണ്. അങ്ങനെയൊക്കെ കിട്ടിയതുകൊണ്ടാണ് ഞങ്ങൾക്കൊക്കെ പ്രാക്ടീസ് ചെയ്യാൻ സാധിച്ചിട്ടുള്ളത്. അതൊക്കെ ഈ പ്രൊഫഷനിൽ നന്നായി ചെയ്യേണ്ടതാണ്. അതുപോലെതന്നെ പ്രൊഫഷൻ നല്ല മാന്യതയുള്ളതാക്കിത്തീർക്കാനും കഴിയണം. ഇപ്പോൾ പലരും കളിയാക്കിയെങ്കിലും പറയും ഒരു ആക്സിഡന്റ് പറ്റിക്കഴിഞ്ഞാൽ വക്കീലിനെ മാറ്റിയിട്ടുവേണം ബോഡി എടുക്കാനെന്നൊക്കെ. അങ്ങനെയുള്ളതൊക്കെ ഒഴിവാക്കേണ്ടതാണ്. അഭിഭാഷകർ ഏറ്റവും കൂടുതൽ സമൂഹത്തെ സഹായിച്ച് എല്ലാ കാര്യങ്ങളിലും അവർക്ക് രക്ഷ കൊടുക്കാനും കാര്യങ്ങൾ നന്നായി പഠിച്ചുകൊണ്ട് എല്ലാ മൂല്യച്യുതികൾക്കെതിരെയും പോരാടിക്കൊണ്ട് കോടതിയിലടക്കം ഇടപെടാൻ കഴിയുന്നവരാണ്. ആ തിളക്കത്തിലെത്താൻ ഒരു തുടക്കം കുറിക്കണമെങ്കിൽ ഈ വെൽഫയർ ഫണ്ട് പോലുള്ളതിന് ഇതുപോലെ കുറച്ച് മാറ്റംകൂടി വരുത്തി പുതുതായി വരുന്നവരെക്കൂടി പ്രോത്സാഹിപ്പിച്ച് നല്ലൊരു മാതൃകയുണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞാൽ ഈ പ്രൊഫഷനെ നല്ല നിലയിൽ കൊണ്ടുപോകാനും ഒരുപാട് മാറ്റങ്ങൾ നമ്മുടെ സമൂഹത്തിൽ ഉണ്ടാക്കാനും കഴിയുമെന്നാണ് എന്റെ അഭിപ്രായം. ഇതിന്റെ എമൗണ്ട് പത്ത് ലക്ഷം എന്നാക്കിയാൽ നന്നായിരിക്കും. ഇപ്പോൾ ഉള്ള ഡിക്ലറേഷൻ കൊടുക്കണമെന്നു പറഞ്ഞതും അതുപോലെയുള്ള കുറച്ചു കാര്യങ്ങളിലും ഒരു മാറ്റം വരുത്തിയാൽ നന്നായിരിക്കും. 35 വർഷം പ്രാക്ടീസ് ചെയ്താൽ എത്രയാണോ മെച്വറാകുന്ന എമൗണ്ട് ആ എമൗണ്ട് കിട്ടത്തക്കവണ്ണമുള്ള ഒരു മാറ്റംകൂടി വരുത്തുന്നതായിരിക്കും പ്രയോഗികമായി നല്ലത് എന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എൻ. അനിരുദ്ധൻ : സർ, 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അഭിഭാഷകവൃത്തി അതിസ്സുകൊണ്ട് ഫാമിലിയിൽപ്പെടുന്ന ആളുകളുടെ വകയായിട്ടാണ് തുടങ്ങിയത്. ആ കാലത്തെ ഓർമ്മകൾ മാത്രമേ ഇന്നുള്ളു. ഇന്ന് സർവ്വസാധാരണമായി എല്ലാ കുടുംബങ്ങളിൽനിന്നും അഭിഭാഷകർ വരുന്ന ഒരു സ്ഥിതിയുണ്ട്. ഒരു പ്രൊഫഷൻ സ്വീകരിച്ച് സ്വയം തൊഴിൽ കണ്ടെത്തുന്ന ആളുകളെന്ന നിലയിൽ ചെറുപ്പക്കാരായ അഭിഭാഷകരെ സഹായിക്കുന്നതിന് ഈ ക്ഷേമനിധിയിൽ വ്യവസ്ഥയുണ്ടാകേണ്ടത് അത്യാവശ്യമാണ്. സാധാരണഗതിയിൽ തൊഴിലെടുത്ത് ജീവിക്കുന്ന, സ്വയം തൊഴിൽ കണ്ടെത്തി ജീവിക്കുന്ന ആളുകൾക്ക് ഗവൺമെന്റ് സഹായം നൽകുന്നുണ്ട്. നിലനിൽപ്പിനാവശ്യമായ സഹായം ജൂനിയർ അഭിഭാഷകർക്ക് നൽകുന്നതിന് - അത് രണ്ടായിരമോ മൂവായിരമോ എത്രയാണെന്നുവച്ചാൽ - ആ റേറ്റ് നിശ്ചയിച്ച്, വെൽഫയർ ഫണ്ട് എന്നാണ് ഇതിന്റെ പേരെങ്കിൽ തീർച്ചയായും അഭിഭാഷകൻ എന്നുള്ളതിൽ ജൂനിയർ അഭിഭാഷകൻ ഉൾപ്പെടുമെന്നുള്ളതുകൊണ്ട് അവരുടെ വെൽഫയറിനുവേണ്ടി അത് ചെയ്യേണ്ടത് അത്യാവശ്യമാണ്. അത് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യാൻ കഴിയും. ഇപ്പോൾ പതിമൂന്നാമത്തെ പ്രാവശ്യമാണ് ഈ ഓർഡിനൻസ് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. ഇപ്പോൾ ബില്ലാക്കുന്നത്. ഇനി അതിന് പോകാൻ ഇടമില്ലാത്തതുകൊണ്ട് ഇതിൽതന്നെ ഇൻകോർപ്പറേറ്റ് ചെയ്യാൻ കഴിയും. സബ്ജക്ട് കമ്മിറ്റിയുടെ സ്ക്രൂട്ടിണിയിൽ അത് ചെയ്യുന്നത് നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഇത്രയേറെ നടപ്പാക്കിയിട്ടുള്ള ഒരു ഗവൺമെന്റ് ഇൻഡ്യയിൽ വേറെയില്ല. അത്രയും വലിയ സമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പാക്കുമ്പോൾ ഗവൺമെന്റിന്റെ ഒരു ഭാഗം അതിനുവേണ്ടി ഉൾക്കൊള്ളിക്കേണ്ടത് അത്യാവശ്യമാണ്. ഈ ആക്ടിൽ തന്നെ അതിന് വ്യവസ്ഥയുണ്ട്. അതിൽ പറഞ്ഞിരിക്കുന്നത് any other contribution made by the Bar Council എന്നു കഴിഞ്ഞിട്ട് സർക്കാരിനും ഇതിൽ കോൺട്രിബ്യൂഷൻ നൽകാൻ കഴിയുമെന്ന് വ്യവസ്ഥയുണ്ട്. പക്ഷേ ഇതിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ അത്തരം കാര്യത്തെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. അത് സർക്കാരിന്റെ one time ആയിട്ടുള്ളതുമതി. സർക്കാരിന് ഈ വെൽഫയർ ഫണ്ട് നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ ലംപ് ആയിട്ടുള്ള ഒരു തുക നീക്കിവയ്ക്കാൻ കഴിയാവുന്നതേയുള്ളു. അങ്ങനെ നീക്കിവയ്ക്കുന്നത് നന്നായിരിക്കും. സർക്കാരിന്റെ കോൺട്രിബ്യൂഷൻ ഇല്ലാതെയാണ് പോകുന്നതെങ്കിൽ ശരിയാവില്ല. കാരണം കോർട്ട് ഫീസ് സർക്കാരിന് ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കുന്ന ഒരു ഭാഗമാണ്. കോർട്ട് ഫീ സ്റ്റാമ്പിന്റെ ഒരു ശതമാനമോ അല്ലെങ്കിൽ ഒന്നര ശതമാനമോ ഇതിലേക്ക് മാറ്റി വയ്ക്കാമെങ്കിൽ തീർച്ചയായും അങ്ങനെയൊരു കോൺട്രിബ്യൂഷൻ സർക്കാരിന്റേതായി ഈ വെൽഫയർ ഫണ്ടിൽ എത്താൻ സാധിക്കും. അത് ചെയ്യുന്നത് നന്നായിരിക്കും. അതിനും ഇതിൽ വ്യവസ്ഥ ചെയ്യാൻ കഴിയുമെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. മോനായി : സർ, കോടതിയിൽ സാധാരണ വലിയ സിവിൽ വ്യവഹാരം നടത്തുന്നത് സമൂഹത്തിലെ സമ്പന്നരായ ആളുകളാണ്. അവർ അടയ്ക്കുന്ന ഫീസിൽ ഇടക്കാലത്ത് വരുത്തിയ ഭേദഗതി പ്രകാരം പത്തു ശതമാനം ഫീസെന്നുള്ളത് കുറയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. അത് മാത്രമല്ല, ആദ്യം അതിന്റെ നിശ്ചിത പെർസന്റേജനുസരിച്ച് കോടതി റിട്ടൺ സ്റ്റേറ്റുമെന്റെല്ലാം കഴിഞ്ഞ് കോസ് ഓഫ് ആക്ഷൻ നിശ്ചയിച്ചതിനുശേഷം മാത്രമാണ് കോർട്ട് ഫീസ് അടയ്ക്കുന്നത്. അപ്പോൾ ആ സമയത്ത് വേണമെങ്കിൽ ഒരാൾക്ക് പിൻമാറാം. അങ്ങനെ അടയ്ക്കുന്ന സമയത്ത് അങ്ങ് നിർദ്ദേശിച്ചതുപോലെ അര ശതമാനമെന്നുള്ളതിന് പകരം ഒന്നരയോ രണ്ടോ ശതമാനം അഡ്വക്കേറ്റ്സ് വെൽഫയർ ഫണ്ടിലേക്ക് ഫീസിന്റെ കൂടെ വാങ്ങിച്ചാൽ ഈ ഫണ്ട് ഫലപ്രദമായി നടന്നുപോകുന്നതാണ്. കാരണം ഒരു ഇഞ്ചക്ഷൻ സ്യൂട്ടൊക്കെയാണ് സാധാരണ ആളുകൾ നടത്തുന്നത്. വലിയ വ്യവഹാരങ്ങൾ നടത്തുന്നത് സമൂഹത്തിലെ വലിയ ആളുകളാണ്. ബാങ്കുകളും വലിയ വലിയ സ്ഥാപനങ്ങളുമാണ്. ലക്ഷക്കണക്കിന് രൂപ പിരിച്ചെടുക്കാൻവേണ്ടി നടത്തപ്പെടുന്ന വ്യവഹാരങ്ങൾ അവർക്കൊരു ഭാരമാകുന്നില്ല. അതുകൊണ്ട് രണ്ട് ശതമാനം എന്നുള്ള പ്രൊപ്പോസലാണ് ഞാൻ വയ്ക്കുന്നത്.

ശ്രീ. എൻ. അനിരുദ്ധൻ : സർ, അത് പരിഗണിക്കുന്നത് നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. കാരണം ഒരു പെറ്റീഷൻ ഫയൽ ചെയ്യുമ്പോൾപോലും നമ്മൾ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിക്കുന്നുണ്ട്. അവിടെ കൊടുക്കുന്ന കേസ്സിന്റെ സല അനുസരിച്ച് സ്ലാബ് നിശ്ചയിച്ച് പത്ത് ശതമാനം വരെയുള്ള സ്ലാബ് നിശ്ചയിച്ച് അതനുസരിച്ചാണ് കോർട്ട് ഫീസ് ഈടാക്കുന്നത്. കോർട്ട് ഫീസെന്ന് പറയുന്നത് സർക്കാരിന്റെ ഒരു വരുമാനമാണ്. ആ വരുമാനത്തിൽ ഈ പ്രൊഫഷനിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വെൽഫയറിനുവേണ്ടി ഒരു രണ്ട് ശതമാനം നീക്കി വയ്ക്കുകയെന്നുപറയുന്നത് ന്യായമാണ്, തീർച്ചയായും ധാർമ്മികമായിത്തന്നെ അങ്ങനെ ചെയ്യേണ്ടതാണ്. ആ വാദത്തിന് നല്ല സ്റ്റാന്റിംഗ് ഉണ്ട്. അത് മാത്രമല്ല, ഇവിടെ ഷെഡ്യൂൾ അനുസരിച്ച് നിശ്ചയിച്ചിരിക്കുന്ന കോൺട്രിബ്യൂഷൻ നൽകുന്നത് സംബന്ധിച്ചാണെങ്കിൽ ഈ ആക്ടിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥയനുസരിച്ച് 35 വർഷം കഴിയാതെ ഒരാൾക്കും ഈ അഞ്ചു ലക്ഷം രൂപ കിട്ടുമെന്ന് തോന്നുന്നില്ല. ഞാൻ കാൽക്കുലേറ്റ് ചെയ്തിട്ട് 40 വർഷത്തെ പ്രാക്ടീസുള്ള ആളിനേ അഞ്ചു ലക്ഷം രൂപ കിട്ടുകയുള്ളു. ആ കാൽക്കുലേഷൻ ശരിയല്ല. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ അതിന് മാറ്റമുണ്ടാകണം. 14,750 രൂപ എന്നുള്ള രീതിയിൽ ആ കാൽക്കുലേഷൻ വച്ചുനോക്കിയാൽ 30 വർഷം സർവ്വീസുള്ള ഒരു ഉദ്യോഗസ്ഥനാണെങ്കിൽ അയാൾക്ക് ഫുൾ പെൻഷൻ കിട്ടും. 30 വർഷം സർവ്വീസുള്ള ഒരു അഭിഭാഷകൻ വെൽഫയർ ഫണ്ടിൽനിന്ന് മാക്സിമം എമൗണ്ട് അഞ്ചുലക്ഷം രൂപയെന്ന് പറയുകയും അത് കൊടുക്കാതിരിക്കുകയും ചെയ്യുന്നത് ശരിയായ കാര്യമല്ല. തീർച്ചയായും അത് വ്യവസ്ഥ ചെയ്യേണ്ടത് അനിവാര്യമാണ്. അതുപോലെതന്നെ Retirement due to deficiency or disability, അങ്ങനെ ഡിസെബിലിറ്റികൊണ്ട് റിട്ടയർ ചെയ്യുന്ന ആളിന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അയാൾ അടച്ച തുക കണക്കാക്കി ആറ് ശതമാനം പലിശകൂടി ചേർത്ത് കൊടുക്കുമെന്നാണ് പറഞ്ഞത്. ആറുശതമാനം പലിശയെന്നുള്ളത് എവിടെനിന്ന് കണ്ടുപിടിച്ചതാണെന്ന് അറിയില്ല. ഇത് വന്നിട്ട് ഒരുപാട് വർഷങ്ങളായി. അത് ശരിയല്ലെന്ന് മാത്രമല്ല, ഡിസെബിലിറ്റി കൊണ്ട് പ്രാക്ടീസ് നടത്താൻ, ഈ ജോലി ചെയ്ത് ജീവിക്കാൻ നിവൃത്തിയില്ലാതെ പിരിഞ്ഞുപോകുന്ന ആളിന് വെൽഫയർ ഫണ്ടിന്റെ ഫുൾ എമൗണ്ട് കൊടുക്കണം. അതിന് ബില്ലിൽ വ്യവസ്ഥയുണ്ടാകണം. അത് മാനുഷികമാണ്. ഒരു പ്രൊഫഷനിൽ നിൽക്കുന്ന ഒരാൾ അയാളുടേതല്ലാത്ത കുറ്റംകൊണ്ട് ഡിസേബിൾഡ് ആയിപ്പോകുകയാണെങ്കിൽ അയാളെ സഹായിക്കുന്നതിന് സാമൂഹ്യ ബാധ്യതയുണ്ട്, ഗവൺമെന്റിനും ആ ബാധ്യതയുണ്ട്. ആ ബാധ്യത നിർവഹിക്കുന്നതിന് ഇപ്പോഴുള്ള വ്യവസ്ഥയിൽ മാറ്റം വരുത്തണം.

രണ്ടാമത്തെ കാര്യം 25 വർഷം പ്രാക്ടീസുള്ള ഒരാളിന് വെൽഫെയർ ഫണ്ടിന്റെ ഫുൾ എമൗണ്ട് കിട്ടത്തക്ക രീതിയിൽ ഇതിലെ വ്യവസ്ഥയിൽ മാറ്റം വരുത്തണം. ഈ മാറ്റം വരുത്തുകയില്ലെന്നുണ്ടെങ്കിൽ ഇപ്പോൾ അഭിഭാഷക സമൂഹത്തിലാകെ 5 ലക്ഷം രൂപയാക്കിയെന്ന് നമ്മൾ പറഞ്ഞിട്ട് എത്ര കൊല്ലത്തെ സ്റ്റാന്റിംഗ് ഉള്ളയാളിനാണ് ഇത് എന്നുള്ളത് കണക്കാക്കിവരുമ്പോൾ വലിയ നിരാശയാണ് ഉണ്ടാകുന്നത്. ഞാനാണ് ഇത് ശരിയാക്കിയതെന്ന് പറഞ്ഞ് ചിലപ്പോൾ മാണി സാർ ക്ലെയിം ചെയ്യാറുണ്ട്. ആര് ക്ലെയിം ചെയ്താലും അത് കയ്യിൽ കിട്ടണ്ടേ? ഈ വ്യവസ്ഥയനുസരിച്ചാണെങ്കിൽ കയ്യിൽ കിട്ടില്ല. അതുകൊണ്ട് ഈ വ്യവസ്ഥയിൽ മാറ്റമുണ്ടാക്കിയേ മതിയാകൂ. സ്റ്റാമ്പിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ വെൽഫെയർ ഫണ്ടിലേക്ക് സ്റ്റാമ്പ് ഒട്ടിക്കുന്നത് മുമ്പ് 5 രൂപയും 10 രൂപയുമൊക്കെയായിരുന്നു. അതിപ്പോൾ 10 രൂപയും 20 രൂപയുമാണ്. അത് 15 രൂപയും 25 രൂപയുമാക്കുന്നത് പ്രൊപ്പോർഷണേറ്റായി നോക്കുമ്പോൾ ന്യായീകരിക്കാനൊക്കുമെന്ന് തോന്നുന്നില്ല. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ പരിഗണനയ്ക്ക് വയ്ക്കുമെങ്കിൽ നന്നായിരിക്കും. അതാണ് ഇവിടെ ശ്രീ. ജോർജ് ഒക്കെ പറഞ്ഞത് കക്ഷിയുടെ കയ്യിൽനിന്നാണ് ഇതെല്ലാം പോകുന്നതെന്ന്. കഴിയുമെങ്കിൽ അതിൽ കുറവുവരുത്തുന്നത് നന്നായിരിക്കും. അതെന്നുപറഞ്ഞാൽ കോർട്ട് ഫീസിന്റെ അംശദായം കിട്ടുകയും ഗവൺമെന്റിൽ നിന്നൊരു സഹായം വരികയും ചെയ്യുകയാണെങ്കിൽ ഇരട്ടിയിൽ കൂടുതൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിയുന്നതാണ്. ഏത് വിഭാഗത്തിൽ പണിയെടുക്കുന്നവരിലും നല്ല ആളുകളും, ചീത്ത ആളുകളുമുണ്ട്. അത് നമ്മളിലുമുണ്ട്. അങ്ങനെയുള്ള ആളുകളെ സംബന്ധിച്ചിടത്തോളം ചീത്തവശം മാത്രം പ്രൊജക്ട് ചെയ്ത് ആ സമൂഹത്തെ മുഴുവൻ മോശക്കാരാണെന്ന് വരുത്തുന്നത് ഭംഗിയല്ല, തീർച്ചയായും. അത് ശരിയായ ഒരു ജനാധിപത്യസമ്പ്രദായമല്ല. അനുഭവത്തിന്റെ വെളിച്ചത്തിൽ പലർക്കും പലതുമുണ്ടായിയെന്നിരിക്കാം. പക്ഷേ അത് ശരിയായൊരു കാര്യമല്ല. അഭിഭാഷകവൃത്തിയിലേർപ്പെട്ടിരിക്കുന്നവരെ അംഗീകരിക്കുന്ന ഒരു നിയമനിർമ്മാണമാണ് നമ്മൾ നടത്തുന്നത്. അങ്ങനെ വരുന്ന സന്ദർഭത്തിൽ ഒരു കാര്യംകൂടി എനിക്ക് സൂചിപ്പിക്കാനുണ്ട്. വെൽഫെയർ ഫണ്ടിലെ തുക വർദ്ധിക്കുമെങ്കിൽ അഭിഭാഷകർക്ക് എന്തുകൊണ്ട്

പെൻഷൻ നൽകിക്കൂടാ? അഭിഭാഷകർ മുതലാളിമാരല്ല. പെൻഷൻ സംബന്ധിച്ചുള്ള കാര്യത്തിൽ ഗവൺമെന്റുമായി ബന്ധമില്ല. പക്ഷേ അവർക്ക് പെൻഷൻ നൽകിക്കൂടേ? സാമൂഹിക സുരക്ഷയെന്ന നിലയിൽ ഒരുപാട് വിഭാഗം ആളുകൾക്ക് പെൻഷൻ നൽകുന്നുണ്ട്. പക്ഷേ നമ്മുടെ കൺസെപ്ടിലുള്ള അഭിഭാഷകൻ എന്നുപറഞ്ഞാൽ ഞാൻ ആദ്യം പറഞ്ഞതുപോലെ അതിസ്ട്രോക്രാറ്റിക്ക് ഫാമിലിയിൽനിന്ന് വന്നിട്ടുള്ള ആളുകൾ സാധാരണ ജനങ്ങളിൽ നിന്ന് അകന്ന് നിന്നിരുന്ന ആ കാലഘട്ടത്തെ വച്ചുകൊണ്ട് അഭിഭാഷകരെ അളക്കാൻ പാടില്ല. ഇന്ന് പ്രാക്ടീസ് ഒരു തൊഴിലായി സ്വീകരിക്കുന്നു. അതിലെ അംഗസംഖ്യ വളരെയധികം വർദ്ധിച്ചിട്ടുണ്ട്. അങ്ങനെ വരുന്നവർക്ക് ദുരിതങ്ങളേറുന്നുണ്ട്. ജീവിതം രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ കഴിയാത്തതും എന്നാൽ നല്ലതുപോലെ ജോലി ചെയ്യുന്നതുമായ അഭിഭാഷകരെ എനിക്കറിയാം. അവർ പിരിയുമ്പോൾ സാധാരണ ഗതിയിൽ ആ കുടുംബം തന്നെ വളരെ ബുദ്ധിമുട്ട് അനുഭവിക്കേണ്ട സ്ഥിതിയിലേക്ക് എത്തിച്ചേരുന്നു. ആ കുടുംബത്തെ സംരക്ഷിക്കേണ്ടത് സാമൂഹിക സുരക്ഷയുടെ ഭാഗമാണ്. അങ്ങനെ വരുമ്പോൾ അഭിഭാഷകർക്ക് പെൻഷൻ ഏർപ്പെടുത്തണമെന്നുള്ളതാണ് എന്റെ വാദം.

മി. സ്പീക്കർ : പെൻഷൻ വാങ്ങിച്ചാൽ പിന്നീട് പ്രാക്ടീസ് ചെയ്യാൻ പറ്റുമോ?

ശ്രീ. എൻ. അനിരുദ്ധൻ : സർ, പെൻഷൻ വാങ്ങിക്കഴിഞ്ഞാലും അതൊക്കെ ചെയ്യുന്നതിന് കുഴപ്പമില്ല. കാരണം എല്ലാ വിഭാഗം ആളുകളും പെൻഷൻ ആയി കഴിഞ്ഞിട്ട് ഇപ്പോൾ ജോലിക്ക് പോകുന്നുണ്ട്. ലൈഫ് സ്പാൻ 58 ആയിരുന്ന കാലത്ത് നിശ്ചയിച്ചതാണ് പെൻഷൻ പ്രായം 55 എന്നുള്ളത്. ഇപ്പോൾ 76 വയസ്സാണ് ലൈഫ് സ്പാൻ. അങ്ങനെയുള്ള ആൾ 55 വയസ്സിൽ പെൻഷനായാൽ 90 വയസ്സുവരെ പെൻഷൻ വാങ്ങിക്കുകയാണ്. അപ്പോൾ ആ കാലഘട്ടത്തിൽ അയാൾക്ക് ഡിസെബിലിറ്റി ഉണ്ടാകുന്നില്ല. ജോലിചെയ്യാൻ കഴിയും. അങ്ങനെ ജോലിചെയ്യാൻ കഴിയുന്ന ആൾ പഠിച്ചിട്ടുള്ള ജോലി അഭിഭാഷകവൃത്തിയാണ്. അപ്പോൾ അതിന് പിന്നേയും പോകുന്നതുകൊണ്ട് കുഴപ്പമില്ല. കോൺട്രിബ്യൂഷൻ ഇവിടെ കൊടുക്കണം. പിന്നീട് അദ്ദേഹത്തെ സഹായിക്കാൻ വെൽഫെയർ ഫണ്ടിന് ഒരു ബാധ്യതയുമില്ല. പക്ഷേ അദ്ദേഹം കോൺട്രിബ്യൂഷൻ വെൽഫെയർ ഫണ്ടിലേക്ക് അടയ്ക്കുകയും ചെയ്യും. അതുകൊണ്ട് അത് വീണ്ടും തുടരുന്നതുകൊണ്ട് ഒരു ദോഷവുമില്ല. പെൻഷനാകാത്ത ഒരു വിഭാഗമാണ് വക്കീലന്മാർ. അവർ റിട്ടയർ ചെയ്യാത്തതുകൊണ്ട് അയാൾക്ക് എത്ര വയസ്സുണ്ടെന്ന് ഒരാൾക്കും മനസ്സിലാക്കാൻ പറ്റില്ല. എഴുന്നേറ്റ് നടക്കാവുന്നിടത്തോളംകാലം നല്ല കോൺട്രിബ്യൂഷൻ ജൂഡീഷ്യറിക്ക് നൽകുന്നതാണ്. ലീഗൽ ഫീൽഡിൽ നല്ല കോൺട്രിബ്യൂഷൻ നൽകുന്നവരാണ് പ്രായം കൂടുന്ന ആളുകൾ. വലിയ ഫീസ് വാങ്ങുന്ന അഭിഭാഷകരുണ്ട്. എനിക്ക് അറിയാവുന്ന ശ്രീ. കെ. കെ. വേണുഗോപാലൊക്കെ ഫീസ് വാങ്ങുന്നത് ഡി.ഡി.-യായിട്ടാണ്. എന്നുപറഞ്ഞാൽ അക്കൗണ്ട് ചെയ്താണ് വാങ്ങുന്നത്. അക്കൗണ്ട് ചെയ്താൽ നല്ല ഇൻകംടാക്സ് കൊടുക്കേണ്ടിവരും. നല്ല ഇൻകംടാക്സ് കൊടുക്കുന്ന ആളാണ് അദ്ദേഹം. അങ്ങനെ വരുമാനമുള്ള ആളുകളുണ്ട്. അങ്ങനെയുള്ള ആളുകളുടെ എണ്ണം വളരെ ലിമിറ്റ് ചെയ്തിരിക്കുകയാണ്. അവരെ കണ്ടുകൊണ്ടുമാത്രം നമുക്ക് അഭിഭാഷകവൃത്തി പറ്റില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, സമൂഹത്തിൽ നല്ലതും ചീത്തയുമായ ആളുകളുള്ളതുപോലെ അഭിഭാഷകരിലുമുണ്ടാകുമെന്ന് അങ്ങ് പറയുകയുണ്ടായി. ചില അഭിഭാഷകർ വളരെ പാവപ്പെട്ട കക്ഷികളിൽനിന്നും ഫീസ് വാങ്ങുകയും വക്കാലത്ത് ഒപ്പിട്ടുവാങ്ങുകയും കേസ് ഫയൽ ചെയ്യാതിരിക്കുകയും കാർഡ് അയച്ചുകൊടുത്തിട്ട് മാസം തോറും വിളിച്ചുവരുത്തി കാൾ വാങ്ങുകയും കേസ് നീണ്ടുപോകുകയും ചെയ്യുന്നു. അങ്ങനെയുള്ള ചില അഭിഭാഷകരുണ്ട്. മറ്റ്, ആക്സിഡന്റ് കേസുകളെടുക്കുന്ന അഭിഭാഷകർ ഓരോ തവണയും കക്ഷിയുടെ കയ്യിൽനിന്നും ഫീസ് വാങ്ങും. എന്നിട്ട് ക്ലെയിം വാങ്ങുമ്പോൾ അതിന്റെ ഇത്ര പെർസന്റേജ്, പതിനഞ്ച് ശതമാനം എന്നുപറഞ്ഞും വാങ്ങും. അങ്ങനെ എത്ര തുക കിട്ടിയാലും അതിന്റെ 15% വാങ്ങുകയും ഈ അപകടം സംഭവിച്ച പാവപ്പെട്ട ആൾ മരിച്ചുപോയാൽ ആ കേസ് നടത്തുന്ന പാവപ്പെട്ട കക്ഷികളിൽ നിന്നും ഫീസ് വാങ്ങുന്ന ചില അഭിഭാഷകരുമുണ്ട്. അതൊക്കെ നിയന്ത്രിക്കാൻ എന്തെങ്കിലും നടപടിയെടുക്കുമോ?

ശ്രീ. എൻ. അനിരുദ്ധൻ : സർ, അത് നിയന്ത്രിക്കുന്നതിനാണ് ബാർ കൗൺസിൽ. അതിൽ ഡിസിപ്ലിനറി കമ്മിറ്റിയുണ്ട്. ഒരു ജെനുവിൻ പെറ്റീഷൻ ഡിസിപ്ലിനറി കമ്മിറ്റി മുമ്പാകെ വന്നുകഴിഞ്ഞാൽ ആ അഭിഭാഷകനെ വിളിക്കും, തെളിവെടുക്കും. തെളിവെടുത്തുകഴിഞ്ഞാൽ അയാൾ കുറ്റം ചെയ്തിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ അയാളുടെ സെന്നത് റദ്ദ് ചെയ്യും. സാധാരണ ഗതിയിൽ പാവപ്പെട്ട ആളുകൾക്ക് ഇത് അറിയാൻ വയ്യാത്തതുകൊണ്ട് ബാർ കൗൺസിലിലേക്ക് പെറ്റീഷൻ വളരെ റെയർ ആയിട്ടേ വരുന്നുള്ളൂ, മാത്രമല്ല സുവോമോട്ടോ ആയി വേണമെങ്കിലും അവർക്ക് കേസ് എടുക്കാൻ കഴിയും. അഭിഭാഷകർക്ക് ഫീസ് വാങ്ങുന്നതിന് നിയമമുണ്ട്. അഡ്വക്കേറ്റ് ഫീസ് ആക്ടുണ്ട്. ആ ആക്ട് അനുസരിച്ചുതന്നെയാണ് അത് ചെയ്യുന്നത്. ആ ആക്ട് കോടതി തുടങ്ങിയ കാലം മുതലേ ഉണ്ടായതാണ്. അത് ഇതുവരെ അമെന്റ് ചെയ്തിട്ടില്ല. നമ്മളാണ് അത് അമെന്റ് ചെയ്യേണ്ടത്. അമെന്റ് ചെയ്യാത്തിടത്തോളം കാലം അതിലെ ഫീസ് വളരെ കുറവായിരിക്കും. അതനുസരിച്ചേ വാങ്ങാനൊക്കൂ. പിന്നെ വേറൊരു വ്യവസ്ഥയുണ്ട്-അതിൽ വമാത്ത കേസ്സുകൾ, സാധാരണഗതിയിൽ സിവിൽ സ്യൂട്ടുകളും മറ്റുമാണ് അതിൽ വരുന്നത്. മറ്റത് കോൺട്രാക്ട് ആണ്, ഒരു എഗ്രിമെന്റാണ്. ഞാൻ നിങ്ങൾക്ക് ഇത്ര മൂപ ഫീസായി തരും. നിങ്ങൾ എന്റെ കേസ് നടത്തിത്തരണം എന്ന എഗ്രിമെന്റ് അനുസരിച്ചുള്ളതാണ് പത്ത് ശതമാനം, അഞ്ച് ശതമാനം ഒക്കെ വാങ്ങിക്കും. അത് വാക്കാൽ എഗ്രിമെന്റാണ്. പക്ഷേ ആരും എഴുതി കൊടുക്കാറില്ല. ആ എഗ്രിമെന്റ് അനുസരിച്ചുള്ള ഫീസ് വാങ്ങിക്കുന്നുണ്ട്. ആ എഗ്രിമെന്റ് അനുസരിച്ചുള്ള ഫീസ് വാങ്ങുന്നതാണ് സാധാരണയുള്ള വക്കീലും വക്കീൽ ഫ്രക്ടീസും. മറ്റതെല്ലാം ഇതിന്റെ വളയത്തിന് പുറത്താണ്. ആ വളയത്തിനു പുറത്ത് stretch of imagination വയ്ക്കാൻ ഒക്കാത്ത രീതിയിൽ പ്രവർത്തിക്കുന്ന ആളുകളുണ്ട്. ഇല്ലെന്നൊന്നും ഞാൻ പറയുന്നില്ല. അവർക്കെതിരെയാണ് ബാർ കൗൺസിലിന്റെ നിയമവും ചട്ടവും അനുസരിച്ചുള്ള എല്ലാ നടപടികളും എടുക്കാവുന്നത്. അത് സാധാരണഗതിയിൽ ആളുകൾ പോകാത്തതു കൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. ഈ ബിൽ തീർച്ചയായും ഇവിടെ പാസ്സാക്കേണ്ടതുണ്ട്. അങ്ങനെ പാസ്സാക്കുമ്പോൾ സബ്ജക്ട് കമ്മിറ്റി നല്ലതു പോലെ സ്ക്രൂട്ടിണി ചെയ്ത് ഈ വ്യവസ്ഥകൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് പാസ്സാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, വെൽഫെയർ ലെജിസ്ലേഷന്റെ കാര്യത്തിൽ കേരള നിയമസഭ ഇൻഡ്യയ്ക്ക് മാതൃകയാണ്. അത് ഒന്നുകൂടി തെളിയിക്കുന്നതാണ് അഭിഭാഷകരുടെ ഈ ക്ഷേമനിധി ബിൽ. അഭിഭാഷകർ എന്നു പറയുമ്പോൾ കേൾക്കുന്ന മാത്രയിൽ എന്തോ കാശുകാരാണ് എന്ന തോന്നലാണ്. അതല്ല. ബഹുഭൂരിപക്ഷം അഭിഭാഷകരും സാധാരണക്കാരാണ്. സമ്പന്ന വിഭാഗം എന്നു പറഞ്ഞാൽ ശ്രീ. അനിരുദ്ധൻ പറഞ്ഞതുപോലെ വിരലിലെണ്ണാവുന്ന ആളുകളേയുള്ളൂ. ശതമാനം പോലും പറയാൻ കഴിയില്ല. വെൽഫെയർ ലെജിസ്ലേഷന്റെ കാര്യത്തിൽ, ക്ഷേമ നടപടികളുടെ കാര്യത്തിൽ നിയമസഭയും സർക്കാരും സർവ്വകാല റെക്കോർഡ് സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ ക്ഷേമപ്രവർത്തനവും വികസനവും ഒരുമിച്ചു കൊണ്ടുപോകുകയാണ്. അഭിഭാഷക ക്ഷേമനിധിയെ സംബന്ധിച്ച് ഒരു കാര്യം എനിക്ക് മനസ്സിലായത് നിയമസഭാ സാമാജികരിൽ ഭരണപക്ഷവും പ്രതിപക്ഷവുമുണ്ട്. പക്ഷേ അഭിഭാഷകരിൽ ഭരണപക്ഷവും പ്രതിപക്ഷവുമില്ല. രണ്ടുകൂട്ടരും ഒരുപോലെ നിൽക്കും. ഒരേ രൂപത്തിൽ വാദിക്കുകയാണ്. അങ്ങനെയൊരു യോജിപ്പ് ഇക്കാര്യത്തിലുണ്ട്. സംസ്ഥാന സർക്കാരിന് ഒരു തുറന്ന സമീപനമാണ് ഉള്ളത്. ഞാൻ ഒരു കാര്യം വ്യക്തമാക്കാം. സർക്കാർ ഏകപക്ഷീയമായി കൊണ്ടുവന്ന ഒരു നിയമനിർമ്മാണമല്ല ഇത്. ആദ്യം അത് മനസ്സിലാക്കണം. സർക്കാർ അടിച്ചേൽപ്പിക്കുന്നതല്ല. ദീർഘനാളായി അഭിഭാഷകരും ബാർ കൗൺസിൽ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും ഒരുപോലെ ആവശ്യപ്പെടുന്നതാണ്. സർക്കാർ ബാർ കൗൺസിലിനോട് ആവശ്യപ്പെട്ടതനുസരിച്ച് അവരാണ് ഈ നിർദ്ദേശങ്ങളെല്ലാം തന്നത്. അത് നടപ്പാക്കാൻ താമസിച്ചതിന് ഉത്തരവാദി സർക്കാരല്ല. സർക്കാരിന് ഉത്തരവാദിത്തമുണ്ട്. ഇല്ലെന്ന് പറയുന്നില്ല. ബാർ കൗൺസിലിന്റെ നിർദ്ദേശങ്ങൾ അതേപടി സ്വീകരിച്ചു കൊണ്ട് 2008-ൽ ഒരു താമസവും വരുത്താതെ ഓർഡിനൻസ് ഇറക്കിയതാണ്. അത് തയ്യാറാക്കാൻ വേണ്ടി ആറുമാസം വേണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് ആറുമാസം കൊടുത്തു. ബാർ കൗൺസിൽ തയ്യാറാക്കി എന്നെ ഏൽപ്പിച്ചു. ലീഗലായി നോക്കേണ്ട കാര്യങ്ങളേയുള്ളൂ. പക്ഷേ ഇത് വന്നപ്പോഴാണ് ഫണ്ട് ഇല്ല എന്ന പ്രശ്നം വന്നത്. കണക്കൊക്കെ പിന്നീടാണ് വരുന്നത്. അങ്ങനെയുള്ള ഒരുപാട് പ്രായോഗിക ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ട്. സർക്കാരിന് ഇതിൽ പരിമിതികളുണ്ട്. സർക്കാരിന്റെ കോൺട്രിബ്യൂഷൻ സംബന്ധിച്ച് പലരും ചോദിച്ചു. എല്ലാ വെൽഫെയർ ഫണ്ടിലും സർക്കാരിന് കോൺട്രിബ്യൂഷൻ ഇല്ല. അഗ്രികൾച്ചർ വർക്കേഴ്സിന്റെ വെൽഫെയർ ഫണ്ടിൽപ്പോലും കോൺട്രിബ്യൂഷൻ ഇപ്പോൾ കൊണ്ടുവന്നതാണ്. സർക്കാർ കൊണ്ടുവന്ന ഒരു ഓർഡിനൻസ് എന്ന നിലയിൽ ഇത് നടപ്പാക്കാൻ സർക്കാരിന് ബാധ്യതയുണ്ട്. അതിന്റെ ഭാഗമായിട്ടുള്ള ബാധ്യത ഏറ്റെടുക്കാൻ സർക്കാർ സന്നദ്ധമാണ്.

ശ്രീ. ജോർജ് മേഴ്സിയർ : സർ, ഇവിടെ സംസാരിച്ച പല അംഗങ്ങളും പറഞ്ഞത് ജൂനിയേഴ്സിന്റെ പ്രയാസത്തെക്കുറിച്ചാണ്. എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുള്ളത് സെന്നത് എടുത്ത് ഒരു അഭിഭാഷകന്റെ കീഴിൽ ജൂനിയറായി ബാർ അസോസിയേഷനിൽ മെമ്പർഷിപ്പ് എടുത്ത് വക്കാലത്ത് കൊടുത്തുകഴിഞ്ഞാൽ മൂന്നുവർഷക്കാലം മൂവായിരം രൂപ വച്ച് ഈ ഫണ്ടിൽനിന്ന് കൊടുക്കണം. ഫോർത്ത് ഇയർ ഒരു ഹോളിഡേ കൊടുത്തുകൊണ്ട് അഞ്ചാമത്തെ വർഷം മുതൽ ആ കാശും പലിശയുംകൂടി തിരിച്ചുപിടിക്കാനുള്ള ഒരു സാഹചര്യമുണ്ടാക്കിയാൽ വെൽഫെയർ ഫണ്ടിന് അധികം ബാധ്യതയുണ്ടാകില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, ഈ നിർദ്ദേശങ്ങളോട് വ്യക്തിപരമായി ഞാൻ യോജിക്കുന്നു. നമുക്ക് ആലോചിക്കാവുന്നതാണ്. പ്രത്യേകിച്ച് ന്യൂക്ലിയർ എനർജിയുടെ കാര്യം പരമദയനീയമാണ്. അവർ കള്ളൻമാരാകാത്തത് ഭാഗ്യം. അഡ്വക്കേറ്റ് എന്ന് പേരായി എന്നാൽ ജീവിതം പരമ ദയനീയമാണ്. പറയാതിരിക്കാനൊക്കില്ല. തീർച്ചയായും നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. അത് പരിഹരിക്കേണ്ട ഒരു പ്രശ്നമാണെന്ന് തന്നെയാണ് എന്റെയും അഭിപ്രായം. ഉടൻതന്നെ സബ്ജക്ട് കമ്മിറ്റി കൂടുന്നുണ്ട്. ഇവിടെ വന്ന കാര്യങ്ങൾ തുറന്ന മനസ്സോടെതന്നെ നമുക്ക് ചർച്ച ചെയ്യാം. പരിഹരിക്കാം. യാതൊരു ആശങ്കയും വേണ്ട. ഇത് നടപ്പാകും. നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണ് അല്ലാതെ ആരെയും കബളിപ്പിക്കാനല്ല. മൂന്നുലക്ഷം രൂപ എന്നുള്ളത് അഞ്ചുലക്ഷം ആക്കിയിട്ടുണ്ട്. നാളെ എല്ലാവർക്കും അഞ്ചുലക്ഷം കിട്ടുമെന്നുള്ളതല്ല. എല്ലാവർക്കും ക്രമാനുഗതമായി വർദ്ധിച്ചുകൊണ്ടേയിരിക്കും അതിനുള്ള തീരുമാനങ്ങളാണ് ഇതിന്റെ ഭാഗമായിട്ട് വന്നിട്ടുള്ളത്. പത്ത് ലക്ഷത്തിന്റെ കാര്യം വന്നു. ഇതുതന്നെ നടപ്പാക്കാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് പത്ത് ലക്ഷത്തിന്റെ കാര്യം ചിന്തിക്കാൻ സാധിക്കുകയില്ല. ഇത് നടപ്പാക്കുക എന്നത് ഏറ്റവും വലിയ കാര്യമായിട്ടാണ് കാണുന്നത്. ആ രൂപത്തിൽ ഇത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ അങ്ങയുടെ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ : പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി പി. അയിഷാ പോറ്റി : പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. അനിരുദ്ധൻ അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. അനിരുദ്ധൻ : പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. എൻ. അനിരുദ്ധൻ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ.

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ....ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും 23-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2010 ഡിസംബർ മാസം 23-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.35ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly